
# ജാമക്കാരൻ

WATCHMAN



കാവൽക്കാരൻ

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. 1 കൊരി:2:15 (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-Mail : Jamakaran@yahoo.com. Fax: 0427-2386464. www.Jamakaran.com



കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്ക് സാമാധാനം ഉണ്ടാകട്ടെ!

## എന്റെ നേപ്പാൾ സുവിശേഷയാത്ര

സുവിശേഷവേലയുമായി ബന്ധപ്പെട്ട് കഴിഞ്ഞ മാസം നേപ്പാൾ ഗ്രാമങ്ങളിൽ ടീമായി പോയി കടന്നുവരുവാൻ ദൈവം സഹായിച്ചു. വെസ്റ്റ് ബംഗാളിനും ഹിമാലയത്തിന്റെ അടിവാരത്തുള്ള  പഠൻ എന്ന സ്ഥലത്തും, ഖഡിയൻ ഗഞ്ച് എന്ന സ്ഥലത്തിനും ഇടയ്ക്കുള്ള ഗ്രാമങ്ങളിൽ സുവിശേഷവേല നടത്തി. നേപ്പാളിൽ ഉണ്ടായ ഭൂകമ്പം കാരണം തറമട്ടമായ തലസ്ഥാന നഗരവും അതിനെ ചുറ്റിയുള്ള സ്ഥലങ്ങളിലുമുള്ള വീടുകൾ ഇല്ലാതായി. ഇതുവരെയും പുനഃസ്ഥാപിക്കുവാൻ സാധിച്ചിട്ടില്ല. രക്ഷപ്പെട്ട ജനങ്ങൾ സ്ഥലം വിട്ടു വനത്തിന്റെ ഉള്ളിലെ ഗ്രാമങ്ങളിലും, അടിവാരത്തിലും വന്ന് റക്സിൻ ടെന്റുകളിൽ താമസിക്കുന്നു. വളരെ പരിതാപകരമായ സാഹചര്യങ്ങളിൽ ജീവിക്കുന്ന  ആ ജനങ്ങൾക്ക് പുനർജീവിതം എപ്പോഴാണ് ഉണ്ടാകുന്നത്? വീടുകളും സ്വത്തുകളും നഷ്ടപ്പെട്ടത് തങ്ങൾക്ക് തിരിച്ചു കിട്ടുവാൻ വഴിയെന്ത് എന്ന് ചിന്തിച്ചുകൊണ്ട് ജീവിക്കുന്നു. പത്തുപേർ ഉള്ള കുടുംബത്തിൽ ഒരാൾ മാത്രം രക്ഷപ്പെട്ടിരിക്കുന്ന തരത്തിൽ പലരും അനാഥരായി അലയുന്ന കാഴ്ച ഞങ്ങൾ കണ്ടു.

* ഇതുപോലെ തന്നെ ശ്രീലങ്ക സിംഗളർ – തമിഴർ ഇവരുടെ ഇടയിൽ പ്രശ്നം വന്നപ്പോൾ ലക്ഷക്കണക്കിന് തമിഴർക്ക് ആഹാരവും ഉടുക്കുവാൻ വസ്ത്രവും ഇല്ലാതെ ശരീരം മാത്രം രക്ഷപ്പെട്ടാൽ മതി എന്നു പറഞ്ഞ് വെറുംകൈയ്യോടെ ഇന്ത്യയിലേയ്ക്ക് ഓടി വന്നവർ ഉണ്ട്. ഇങ്ങനെയുള്ള നേപ്പാൾ അഭയാർത്ഥികളെ ലോകനാടുകളും റെഡ്ക്രോസും ചേർന്ന് സഹായിക്കാൻ ശ്രമിച്ചപ്പോൾ 'ഞങ്ങൾക്ക് എപ്പോഴാണ് ഒരു പുനർജീവിതം കിട്ടും' എന്നുള്ള ചോദ്യത്തിന് ഞാനും എല്ലാവരും ചേർന്ന്  "ദൈവം തന്നെ നിങ്ങളെ സഹായിക്കും" എന്ന് മറുപടി പറഞ്ഞു. ഇതുപോലെയുള്ള മറുപടി കേട്ട് അവർ മടുത്തു. നേപ്പാളിൽ സുവിശേഷം

# AUGUST 2015

അറിയിക്കുവാൻ ഞങ്ങൾ ഭയപ്പെട്ടു. കാരണം സുവിശേഷം അറിയിച്ചാലും അത് കേൾക്കുവാൻ അവർ ഇഷ്ടപ്പെട്ടിരുന്നില്ല. എന്നിരുന്നാലും ഈ സാഹചര്യത്തിലും "യേശുക്രിസ്തുവിന്റെ മേൽ പ്രത്യാശ വയ്ക്കുക. അവനെ വിശ്വസിച്ചവരെ ഒരുത്തരെയും കൈവിട്ടിട്ടില്ല. ആ **യേശു**വിന്റെ പേര് **രക്ഷകൻ** എന്നുള്ളതാകുന്നു. എന്നു മാത്രം അവരോടു അറിയിച്ച് ഞങ്ങൾ മടങ്ങി. അപ്പോൾ അവിടെയുള്ള റെഡ്ക്രോസ് സംഘാടകർ പറഞ്ഞത്, പല ദേശങ്ങളിൽ (പ്രത്യേകമായി ഇന്ത്യയിൽ) നിന്നും നിങ്ങളെപ്പോലെ സഹായിക്കുന്ന ചിന്തയോടുകൂടി വരുന്നവർ ധാരാളം പേർ ഉണ്ട്. എന്നാൽ അവർ രണ്ടോ മൂന്നോ ദിവസം വന്ന് താമസിച്ച് കുറച്ച് സഹായങ്ങളും ചെയ്ത് ഫോട്ടോ എടുത്തുകൊണ്ടു പോകുന്നു. അങ്ങനെയുള്ളവരെ നേപ്പാളിലുള്ള ജനങ്ങളും ഗവൺമെന്റും ഇഷ്ടപ്പെടുന്നില്ല. കൂടാതെ റെഡ്ക്രോസ് സംഘടനകൾ പോലും അവരെ പ്രോത്സാഹിപ്പിക്കുന്നില്ല. സഹായിക്കുന്നവർ മൂന്നോ അല്ലെങ്കിൽ ആറോ മാസമെങ്കിലും തുടർന്ന് ഇവിടെ താമസിച്ച് സഹായിക്കുന്നു എങ്കിൽ അത് ഇവിടെ പ്രയോജനപ്പെടും എന്ന് പറഞ്ഞത് നേരാണ്. അതുകൊണ്ട് ഞങ്ങൾ നേപ്പാളിന്റെ അടിവാരത്തു താമസിക്കുന്ന അഭയാർത്ഥികളോട് സുവിശേഷം അറിയിക്കുവാൻ പോയി. ഏകദേശം 600, 700 പേർ താമസിക്കുന്ന ആ ക്യാമ്പുകളുടെ ഇടയിൽ ഒരു മരത്തിന്റെ അടിയിൽ ഇരുന്നു ഞങ്ങൾ പാട്ടുപാടി പ്രസംഗിയ്ക്കാനാഗ്രഹിച്ചു. പക്ഷെ കേൾക്കാൻ ആരും ഞങ്ങളുടെ അടുക്കൽ വരാൻ ഇഷ്ടപ്പെട്ടില്ല. എല്ലാവരും അവരവരുടെ സ്ഥലത്തു നിന്ന് ഞങ്ങളെ നോക്കിക്കൊണ്ടിരുന്നു. നേരത്തേ രണ്ടുദിവസം ഞങ്ങൾ ചെയ്ത സുവിശേഷവേല വലിയ തോൽവിയായിരുന്നു. ആ വിഷമം ഞങ്ങളുടെ മനസ്സിൽ വലിയ വേദന ഉണ്ടാക്കി. ഈ ഗ്രാമത്തിലും അതുപോലെയുള്ള പരാജയം സംഭവിക്കും എന്നാണ് ഞങ്ങൾ കരുതിയത്.

## പരാജയമദ്ധ്യത്തിൽ ഒരു ആശ്വാസം

ഞങ്ങളുടെ കൂട്ടത്തിൽ ഉത്തർപ്രദേശിൽ നിന്നും യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ച ഒരു ഇസ്ലാം സഹോദരൻ വന്നിരുന്നു. അവൻ മുസ്ലീമിൽ ഷിയ വിഭാഗത്തിൽ ചേർന്നവനാണ്. പേര് അബ്ദുൾ റഷീദ്. ആ സഹോദരൻ എഴുന്നേറ്റ് ശബ്ദമുയർത്തി "എന്റെ പേര് റഷീദ്. ഞാൻ മുസ്ലീം മതത്തിലുള്ളവനായിരുന്നു. നല്ല സാമ്പത്തികഭദ്രതയുള്ള കുടുംബമായിരുന്നു എന്റേത്. ഞാനും എന്റെ മാതാപിതാക്കൾ, ഭാര്യ, പ്രായപൂർത്തിയായ മൂന്നു മക്കൾ എല്ലാവരും ചേർന്ന് കാറിൽ ഉത്തർപ്രദേശിൽ നിന്നും യാത്രചെയ്തുകൊണ്ടിരുന്ന കാർ ഓടിച്ചുകൊണ്ടിരിക്കുന്ന ഞാൻ ഒരു സെക്കന്റ് ഉറങ്ങിപ്പോയി. കാർ എന്റെ നിയന്ത്രണത്തിൽ നിന്നും വിട്ടു ഒരു കുഴിയിലേയ്ക്ക് വീണു. അതിനുശേഷം എന്തു സംഭവിച്ചു എന്ന് എനിക്കറിയില്ല. ഏകദേശം 20 ദിവസങ്ങൾക്കുശേഷം എനിയ്ക്കു ബോധം വന്നു. ഇങ്ങനെ ഇദ്ദേഹം തന്റെ സാക്ഷിയെ വിവരിച്ചുകൊണ്ടിരിക്കുമ്പോൾ ദൂരത്തിൽ നിന്നവരെല്ലാം ഞങ്ങൾ നിന്ന മരത്തിന്റെ അടിയിൽ വന്ന് ഇരുന്നു. ജനം വർദ്ധിയ്ക്കുവാൻ തുടങ്ങി. കഥ കേൾക്കുന്ന കൊതിയോടെ വന്നവർ 'നിങ്ങൾ പറഞ്ഞ കഥയുടെ ആരംഭത്തിൽ നിന്നും വീണ്ടു പറയണം' എന്ന് അവർ അഭ്യർത്ഥിച്ചു. ആ മുസ്ലീം സഹോദരൻ മടികാണിക്കാതെ ആ സംഭവത്തെ വീണ്ടും വിവരിച്ചു. 'ആ കാർ അപകടത്തിൽ ഞാൻ മാത്രമാണ് ജീവനോടെ രക്ഷപ്പെട്ടത്. എന്റെ കാർ ഡ്രൈവിംഗ് ലൈസൻസ് കണ്ടവർ ഞാൻ ഒരു മുസ്ലീം എന്ന് അറിഞ്ഞ് അടുത്തുള്ള മുസ്ലീം പള്ളിയിൽ സഹായം ചോദിക്കാൻ പോയി. ഉടൻ തന്നെ ആ ഇസ്ലാം സഹോദരന്മാർ ചേർന്ന് എന്നെ ഹോസ്പിറ്റലിൽ

ആക്കി. എന്റെ ട്രീറ്റമെന്റ് ചെലവിന് ആവശ്യമായ നല്ല ഒരു തുക കൊടുത്തു സഹായിച്ചു. രാത്രിയും പകലും ഈ മുസ്ലീം സഹോദരന്മാർ ഹോസ്പിറ്റലിൽ എന്നോടുകൂടി ഇരുന്ന് എന്റെ സ്വന്ത കുടുംബക്കാരെപ്പോലെ സംരക്ഷണ ചെയ്തു. കാറിൽ ഉണ്ടായിരുന്ന എന്റെ കുടുംബം മുഴുവനും മരിച്ചുപോയ വിവരം 23 ദിവസങ്ങൾ കഴിഞ്ഞശേഷമാണ് എന്നെ അറിയിച്ചത്. ലൈസൻസിലുള്ള എന്റെ വീട്ടിലുള്ള അഡ്രസു കണ്ടപ്പോൾ 1000 മൈലുകൾ കടന്നു യാത്ര ചെയ്തതതായിട്ടുള്ള വിവരം അവർ പോലീസിൽ അറിയിച്ചു. എന്റെ സ്വന്ത സ്ഥലത്തിലുള്ള ബന്ധുക്കളാരും എന്നെ അന്വേഷിച്ചു വന്നില്ല. ദിവസങ്ങൾ കൂടിയതുകൊണ്ട് ആ ഇസ്ലാം സഹോദരർ തന്നെ അവരുടെ ചടങ്ങുപ്രകാരം അടുത്തുള്ള കബർസ്ഥാനിൽ ഞങ്ങളുടെ കുടുംബത്തെ മുഴുവനും അടക്കം ചെയ്തു എന്നുള്ള വിവരവും എന്നോടു പറഞ്ഞു. ഞാൻ ഞെട്ടിപ്പോയി. നിലവിളിച്ചു കരയാൻ എനിക്കു ബലമുണ്ടായിരുന്നില്ല. ഞാൻ അനാഥനായിപ്പോയി എന്ന് ഓർത്ത് മനസ്സിനുള്ളിൽ തന്നെ കരഞ്ഞു എന്നെത്തന്നെ ഞാൻ ആശ്വസിപ്പിച്ചു. കുറച്ച് ദിവസങ്ങൾ കഴിഞ്ഞ് ഞാൻ കിടക്കയിൽ തിരിഞ്ഞു കിടക്കാൻ ശ്രമിക്കുമ്പോൾ എല്ലു ഒടിഞ്ഞ ഭാഗത്തു വേദന അസഹ്യമായപ്പോൾ സഹിയ്ക്കാൻ സാധിക്കാതെ **'യേശുവേ'** എന്ന് ഉറക്കെ വിളിച്ചു. യേശുവേ എന്ന വാക്ക് എന്റെ വായിൽ നിന്നും വന്നയുടനെ എന്ന സഹായിച്ച മുസ്ലീം സഹോദരന്മാർ എല്ലാവരും എന്നവിട്ടു പോയി. പോകുമ്പോൾ അതിലൊരാൾ എന്ന നോക്കി 'സെയിത്താൻ' എന്ന് എന്നോടു പറഞ്ഞു പോകുന്നതു ഞാൻ കണ്ടു. അതിനുശേഷം ആരും എന്റെ അടുക്കൽ വന്നിട്ടില്ല. ദൈവകൃപയാൽ എനിക്കു സുഖം കിട്ടി. എന്റെ ഓർമ്മശക്തി നഷ്ടപ്പെടാതെ എനിക്ക് എഴുന്നേറ്റ് നടക്കുവാൻ സാധിച്ചു. ഇന്നും യേശു ജീവിക്കുന്നു എന്ന് എന്നെക്കൊണ്ട് പറയുവാൻ സാധിക്കുന്നു. അതിന് ഒരേയൊരു കാരണം ഞാൻ സ്വീകരിച്ച യേശു എന്നിൽ വസിക്കുന്നതുകൊണ്ടാണ്. അപകടത്തിൽ കുടുംബം മുഴുവൻ നഷ്ടപ്പെട്ടിട്ടും പിറുപിറുപ്പില്ലാതെ ദൈവത്തെ സ്തുതിപ്പാൻ എന്നെകൊണ്ട് സാധിച്ചു. അതിനു ഒരേയൊരു കാരണം യേശുക്രിസ്തുവാണ്.

ഇത് കേൾക്കുന്ന നിങ്ങൾ എല്ലാവരും എനിക്കു മറുപടി പറയണം. നിങ്ങളിൽ ചിലർക്ക് വീടും കുടുംബത്തിലെ പലരും നഷ്ടപ്പെട്ടവരുമായിരിക്കാം. ഇപ്പോൾ നിങ്ങൾക്ക് പരിചയമുള്ള ആരോ ഒരാൾ ഉണ്ടായിരിക്കുന്നു. പക്ഷേ എനിക്കു ആരുമില്ല. എന്റെ മാതാപിതാക്കൾ, ഭാര്യ, മൂന്നു മക്കളും നഷ്ടമായി. മുസ്ലീം സമുദായത്തിൽ നിന്നും ഞാൻ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിച്ചതിനാൽ എന്റെ കുടുംബക്കാർ, ബന്ധുക്കൾ, എന്റെ മതം എന്നെ ഒറ്റപ്പെടുത്തി. എന്നെ ആശ്വസിപ്പിക്കാൻ കുടുംബത്തിൽ ഒരാൾ പോലുമില്ല. ഇനി നിങ്ങൾ പറയുക, എന്റെ ദുഃഖമോ നിങ്ങളോ ദുഃഖമോ വലുത്? ഞാൻ സ്വീകരിച്ച എന്റെ യേശു ദൈവം എന്തുകൊണ്ട് എന്നെ രക്ഷപ്പെടുത്തിയില്ല? എന്നെ കുടുംബത്തിൽ ഒരാളെപ്പോലും യേശു ഭൂമിയിൽ ശേഷിപ്പിച്ചില്ല? എന്ന് ചോദിച്ച് പിറുപിറുക്കാൻ എനിയ്ക്കു തോന്നിയിട്ടില്ല.

കാരണം ലോകത്തിനും പണത്തിനും കുടുംബത്തിനും കഴിയാത്ത സമാധാനം യേശുക്രിസ്തുവിന് തരുവാൻ കഴിയും. ലോകം തരാത്ത സമാധാനം നൽകുവാൻ യേശുക്രിസ്തുവിന് മാത്രമേ സാധിക്കുകയുള്ളൂ. ആ സന്തോഷത്തെ നിങ്ങളോടു അറിയിക്കുവാനാണ് ഡോക്ടർ അവർകളോടും ഈ സംഘടനയോടും കൂടെ ഇത്രയും ദൂരം ഞാൻ വന്നത്. ഞാൻ സ്വീകരിച്ച യേശുവിനെ നിങ്ങളും സ്വീകരിച്ചാൽ നിങ്ങളുടെ ദുഃഖം, നഷ്ടം സന്തോഷമായി മാറും എന്ന് ആ സഹോദരൻ (അബ്ദുൾ റഷീദ്) പറഞ്ഞു നിർത്തി.

എല്ലാവരും നിശ്ശബ്ദമായി ആ മുസ്ലീം സഹോദരൻ പറഞ്ഞതു കേട്ടു. അതിന്റെ ശേഷം ആ മുസ്ലീം സഹോദരൻ പറഞ്ഞ സാക്ഷിയെ യേശുക്രിസ്തുവിന്റെ ക്രൂശുമരണവുമായി താരമത്യമപ്പെടുത്തി പരിഭാഷയിലൂടെ ഞാൻ പ്രസംഗിച്ചു. എല്ലാവരോടും കൈകൂപ്പി പ്രാർത്ഥിക്കുവാൻ അഭ്യർത്ഥിച്ചു. അവർ എല്ലാവരും (യീസുമസി) യേശു ദൈവത്തോട് പ്രാർത്ഥിച്ചു. ആ ക്യാമ്പിൽ ചിലരെയെങ്കിലും ദൈവം സ്പർശിച്ചിരിക്കും എന്ന് ഞാൻ വിശ്വസിക്കുന്നു. 40 നിമിഷം മാത്രം നടന്ന ആ ശുശ്രൂഷയ്ക്കായി നന്ദി പറഞ്ഞ് ഞങ്ങൾ സമാധാനിച്ചു. ലൂക്കോസ് 22: 32, 33 വചനങ്ങളിൽ 'നീ ഒരു സമയം തിരിഞ്ഞു വന്നശേഷം നിന്റെ സഹോദരന്മാരെ ഉറപ്പിച്ചുകൊള്ളുക എന്ന് പത്രോസിനോടു യേശുക്രിസ്തു പറഞ്ഞു. ആ സംഭവത്തെയും ഉൾപ്പെടുത്തി ഞാൻ പ്രസംഗിച്ചു. മറ്റുള്ളവർക്കു പ്രയോജനപ്പെടുവാൻ വേണ്ടി ചില സമയങ്ങളിൽ കർത്താവ് താൻ സ്നേഹിക്കുന്ന മക്കളെ ഇടുക്കത്തിലും, തോൽവിയിലും, മരണത്തിന്റെ വഴിയിലും നടത്തുന്നു. ചിലപ്പോൾ ഈ പ്രായോഗികപരിശീലനം മറ്റുള്ളവരോടു പറയുവാൻ പ്രയോജനപ്പെടും. വിലാപങ്ങൾ 3:33 'മനസ്സോടെയല്ലോ ദൈവം മനുഷ്യപുത്രന്മാരെ ദുഃഖിപ്പിച്ചു വ്യസനിപ്പിക്കുന്നത്.' ഒരു ആഴ്ചയ്ക്കു ശേഷം ഞങ്ങൾ എല്ലാവരും നാട്ടിലേയ്ക്ക് മടങ്ങി വന്നു. ഈ പ്രാവശ്യത്തെ ഞങ്ങളുടെ വടക്കേ ഇന്ത്യയിലെ ദൈവവേല തോൽവി എന്ന് തന്നെ പറയുവാൻ സാധിക്കും. എന്നാലും മുസ്ലീം സഹോദരൻ സാക്ഷി പറഞ്ഞ ഗ്രാമത്തിൽ ദൈവം ഞങ്ങളുടെ ശുശ്രൂഷയെ ജയമാക്കിയിൽ ഞങ്ങൾ ആശ്വസിച്ചു. ഏകദേശം 12,000 കി.മീറ്റർ യാത്ര ചെയ്ത് ഞങ്ങൾ മടങ്ങിവന്നു.

ഇത് വായിക്കുന്ന വായനക്കാർക്ക് നിങ്ങളുടെ ജീവിതത്തിൽ മാനസാന്തരം ലഭിച്ചാൽ മാത്രമേ മുകളിൽ പറഞ്ഞതായ പ്രശ്നങ്ങൾ വന്നാലും പ്രശ്നങ്ങൾക്കിടയിൽ ദൈവത്തെ സ്തുതിക്കുവാൻ കഴിയുകയുള്ളൂ. നഷ്ടങ്ങൾ വരുമ്പോൾ 'എന്തുകൊണ്ട് കർത്താവേ'? എന്ന് ചോദിക്കാറില്ല. എന്തുകൊണ്ട് എന്ന ചോദ്യത്തിന് വേദപുസ്തകത്തിൽ മറുപടിയില്ല.

ഇപ്രാവശ്യത്തെ ജാമക്കാരനിൽ വന്ന സാക്ഷികളും അനുഭവങ്ങളും നിങ്ങൾക്ക് പ്രയോജനകരമായിരിക്കും എന്ന് വിശ്വസിക്കുന്നു.

ജാമക്കാരൻ കുടുംബങ്ങൾക്കായി ഞങ്ങൾ പ്രാർത്ഥിച്ചു. പലരുടെയും ആത്മീയ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, വചനം അനുസരിക്കുന്നതിലും കർത്താവു അത്ഭുത സൗഖ്യം നൽകിയതു അവരുടെ സാക്ഷ്യങ്ങളിലൂടെ അറിഞ്ഞു. കത്തെഴുതി അറിയിച്ചവർക്കായും ദൈവം അവർക്കു നൽകിയ സൗഖ്യത്തിനായും ഞങ്ങൾ ദൈവത്തെ സ്തുതിയ്ക്കുന്നു. **കർത്താവിന്റെ വരവിൽ** നാം തമ്മിൽ കണ്ടുമുട്ടുന്നതുവരെ ദൈവകൃപയും സമാധാനവും എല്ലാവരോടും കൂടെ ഇരിക്കട്ടെ. ആമേൻ.

**ഡോ.പുഷ്പരാജ്**

## Speed Post

ചില പ്രത്യേക സ്ഥലങ്ങളിൽ ജാമക്കാരൻ മാസിക വീടുകളിൽ എത്തിക്കാതെ തടുക്കുന്നു. അങ്ങനെയുള്ളവർക്കു ജാമക്കാരൻ സ്പീഡ് പോസ്റ്റിൽ അയച്ചുകൊടുക്കുന്നതാണ്. നിങ്ങളിൽ ആർക്കെങ്കിലും ജാമക്കാരൻ മാസിക എത്തിച്ചേരുന്നതിനു തുടർന്നു തടസ്സം ഉണ്ടെങ്കിൽ അറിയിച്ചാൽ അങ്ങനെയുള്ളവർക്കു സ്പീഡ് പോസ്റ്റിൽ ജാമക്കാരൻ അയച്ചു തരുന്നതാണ്.

# ദൈവത്തിന്റെ രണ്ടു ആയുധങ്ങൾ

തിരിഞ്ഞു നോട്ടം ..... ദൈവം താൻ സ്നേഹിക്കുന്ന വിശ്വാസികളെ (മക്കളെ) മരണപര്യന്തം വീഴാതെ വഴിനടത്തുവാൻ ആഗ്രഹിക്കുന്നു.

ദൈവവേലക്കാരനായാലും സാധാരണ വിശ്വാസിയായാലും മനുഷ്യർ തന്റെ ബലഹീനത അവർ അറിയാതെ വീണുപോകുന്നു.

ദൈവം താൻ സ്നേഹിക്കുന്ന മനുഷ്യരുടെ ചില പ്രവൃത്തികളെ കണ്ടു വേദനപ്പെടുന്നു.

ലോകാരംഭം മുതൽ മനുഷ്യനെ എന്തുദ്ദേശത്തോടെ ഉണ്ടാക്കിയോ ആ ഉദ്ദേശം നിറവേറാത്തതുകൊണ്ടും, മനുഷ്യന്റെ അനുസരണയില്ലായ്മ നിമിത്തവും തന്നെ സൃഷ്ടിച്ച ദൈവത്തിന്റെ മനസ്സിനെ വേദനിപ്പിക്കുന്നു (ഉല്പത്തി 6:6). താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുക കൊണ്ട് യഹോവ അനുതപിച്ചു. അതു അവന്റെ ഹൃദയത്തിനു ദുഃഖമായി. ആത്മീക ജീവിതത്തിൽ നാം വളരുമ്പോൾ ചെറിയ അനുസരണക്കേടുകൾ പോലും ദൈവത്തിന്റെ ഹൃദയത്തെ ദുഃഖിപ്പിക്കും.

**എന്റെ സ്വകാര്യജീവിതത്തിൽ നടന്നതായ ഒരു സംഭവത്തെ വായനക്കാരായ നിങ്ങൾക്കായി താഴെ സൂചിപ്പിക്കുന്നു.** ഈ സംഭവം ചില കൺവൻഷൻ പ്രസംഗങ്ങളിൽ നേരത്തേ ഞാൻ പറഞ്ഞിട്ടുണ്ട്.

എന്റെ എല്ലാ പ്രസംഗങ്ങളിലും ഞാൻ മറക്കാതെ പറയുന്നത് ദൈവം ശിക്ഷയ്ക്കായി ഉപയോഗിക്കുന്ന രണ്ട് ആയുധങ്ങളെക്കുറിച്ചാണ്. ഈ ആയുധങ്ങൾ ദൈവം താൻ സ്നേഹിക്കുന്നവരെ കൊല്ലുകയോ നശിപ്പിക്കുകയോ ഇല്ല. പിന്നെ ക്രമപ്പെടുത്തുവാൻ (തിരുത്തുവാൻ) ഉപയോഗിക്കുന്ന ആയുധങ്ങളാണ്.

**1. കൃപയുടെ ആയുധം**

**2. ശിക്ഷയുടെ ആയുധം**

പാപം ചെയ്യുന്ന മനുഷ്യനോട് പ്രസംഗം മുഖേനയോ വേദപുസ്തകം വായിക്കുമ്പോൾ വചനം മുഖാന്തിരമോ ദൈവം അവനോട് ഇടപെടുകയും സംസാരിക്കുകയും ചെയ്യും. ഇതാണ് കൃപയുടെ ആയുധം. ഇതിന് അനുസരണമായി നാം നമ്മെ ക്രമീകരിച്ചാൽ വളരെ നല്ലത്. മാതാപിതാക്കളിലൂടെയോ, ദൈവവേലക്കാരിൽ കൂടെയോ ദൈവം ആലോചന നൽകും. ഓരോ ദിവസവും വേദവചനം വായിച്ച് ധ്യാനിക്കുമ്പോൾ വചനത്തിൽ കൂടെ സംസാരിച്ച് ദൈവം നമ്മെ ഉണർത്തും. നാം അതിന് ചെവികൊടുക്കാതെയും, അനുസരിക്കാതെയും ഇരുന്നാൽ നമ്മെത്തന്നെ ക്രമീകരിക്കാതിരുന്നാൽ – അപ്പോഴാണ് തന്റെ **രണ്ടാമത്തെ** ആയുധമായ **ശിക്ഷയുടെ** ആയുധം ദൈവം കയ്യിലെടുക്കുന്നത്. ചിലപ്പോൾ അത് ഭയങ്കരമായിത്തീരാറുണ്ട്. ഈ രണ്ടാമത്തെ ആയുധം (മാർഗ്ഗം) ചിലർക്ക് തോൽവിയും നിരാശയും സംഭവിക്കും. വ്യാപാരങ്ങൾ നഷ്ടമായി ഭവിക്കും. ചിലപ്പോൾ നാം വളരെയധികം സ്നേഹിക്കുന്നതായ മകൻ, മകൾ, മാതാപിതാക്കൾ, ഭാര്യ, ഭർത്താവ് എന്നിവരുടെ മരണം മുഖേനയും സംസാരിക്കും. ഇപ്രകാരമുള്ള മരണം മുഖേന നമുക്ക് ഉണ്ടാകുന്ന വേദനയിലും ദൈവം നമ്മോട് ഇടപെടുന്നു എന്ന് നാം മനസ്സിലാക്കി നാം നമ്മെ ക്രമീകരിച്ചാൽ ഭവനത്തിൽ സംഭവിച്ചതായ വേർപാടിന്റെ സാഹചര്യത്തിലും നമുക്ക് ദൈവത്തെ മഹത്വപ്പെടുത്തുവാനും, സ്തുതിക്കുവാനും കഴിയും. നാം നമ്മുടെ തെറ്റ് തിരുത്തി ക്രമീകരിച്ചാൽ നമുക്കുണ്ടായ നഷ്ടങ്ങളെ ദൈവം ലാഭമാക്കി മാറ്റും.

## എന്റെ ഭാര്യയുടെ മരണശയ്യയിൽ എന്നോട് ഇടപെട്ട ദൈവം

1964–ൽ ഞാൻ രക്ഷിക്കപ്പെട്ടു. മാനസാന്തരത്തിന്റെ അനുഭവം പ്രാപിച്ചു. രക്ഷിക്കപ്പെട്ട് ചില ആഴ്ചകൾക്കകം തന്നെ എന്റെ വൈദ്യവൃത്തിയോടു ചേർന്ന് സുവിശേഷവേലയും ചെയ്യുവാനുള്ള ഭാഗ്യം ലഭിച്ചു. F.E.B.A, സത്യവചനം, (Back to the Bible - Srilanka) തുടങ്ങിയ റേഡിയോ പ്രക്ഷേപണ പരിപാടികളിൽ വേദവചനം പഠിപ്പിക്കുവാൻ തുടങ്ങിയതോടെ ഇന്ത്യയിലും, വിദേശരാജ്യങ്ങളിലും കൺവൻഷൻ പ്രസംഗിയായി ഉപയോഗിക്കപ്പെടുവാനും അറിയപ്പെടുവാനും ആരംഭിച്ചു.

ഓരോ യോഗങ്ങളിലും ആയിരക്കണക്കിന് ആളുകൾ രക്ഷിക്കപ്പെട്ട് മാനസാന്തരപ്പെടുകയും ചെയ്തു. പലതരത്തിലുള്ള രോഗങ്ങളിൽ നിന്നും ജനം സൗഖ്യംപ്രാപിച്ചു. പിശാചിന്റെ ബന്ധനങ്ങളിൽ നിന്നും വിടുവിക്കപ്പെട്ടു. വളരെ കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും കന്യാകുമാരി മുതൽ കാശ്മീർ വരെ പ്രഗൽഭനായ പ്രസംഗകനായി ഞാൻഅറിയപ്പെട്ടു. 162 ലോകരാജ്യങ്ങളിൽ കൃപയാൽ ദൈവം എന്നെ ഉപയോഗിച്ചു.

1970–ൽ ഞാൻ വിവാഹിതനായി. എന്റെ പത്നി സേലം ഗവ.ആശുപത്രിയിൽ ജോലി ചെയ്യുകയായിരുന്നു. കോയമ്പത്തൂർ സി.എസ്.ഐ മഹായിടവകയിൽ വൈദീകനായിരുന്ന പരേതനായ റവ.നോയൽ, സി.എസ്.ഐ വിദ്യാലയത്തിൽ അദ്ധ്യാപികയായിരുന്ന ശ്രീമതി ഇസബെല്ലാ എന്നിവരുടെ രണ്ടാമത്തെ മകൾ ശ്രീമതി മംഗളവദനിയാണ് എന്റെ ഭാര്യ.

1971–ൽ മൂത്തമകൻ ശമുവേലും 1974–ൽ രണ്ടാമത്തെ മകൾ ഷീബാ ഇവാഞ്ചലിനും ജനിച്ചു. മകളുടെ ജനനത്തിനു ചില ആഴ്ചകൾക്ക് ശേഷം എന്റെ ഭാര്യയ്ക്ക് കഠിനമായ തലവേദനയുണ്ടായി. നേരത്തേ തന്നെ പല വർഷങ്ങളായി അവൾക്ക് തലവേദന ഉണ്ടായിരുന്നു. മകളെ പ്രസവിച്ചശേഷം തലവേദന അതികഠിനമായി തീർന്നതുകൊണ്ട് തലവേദനയുടെ കാരണം കണ്ടുപിടിക്കുവാനായി വെല്ലൂരിലെ സി.എം.സി ആശുപത്രിയിൽ കൊണ്ടുപോകുവാൻ ഞാൻ തീരുമാനിച്ചു. അതിനു മുമ്പായി ദീർഘനാൾ അവധി ആവശ്യമുള്ളതുകൊണ്ട് സേലം ഗവ.ആശുപത്രിയിലെ (ഡി.എം.ഒ) ഡോക്ടറെ കാണുവാൻ ഞാനും ഭാര്യയും കൂടെ പോയി. ഡി.എം.ഒ എന്റെ ഒരു നല്ല സ്നേഹിതനും, ദൈവഭക്തിയുള്ള ഒരു ക്രൈസ്തവനുമായതുകൊണ്ട് അദ്ദേഹത്തിന്റെ വീട്ടിൽ ഞങ്ങൾ രണ്ടുപേരും നേരിൽ പോയി കണ്ടു. വിവരങ്ങൾ പറഞ്ഞു. സി.എം.സി ആശുപത്രിയിൽ എല്ലാ പരിശോധനകൾക്കായും വലിയ തുക ചിലവാകും അതുകൊണ്ട് ഗവ.ആശുപത്രിയിൽ സൗജന്യമായി എല്ലാ പരിശോധനകളും നടത്തിയശേഷം പോകുന്നതാണ് നല്ലത് എന്ന് ഉപദേശിച്ചു. ഉടൻ തന്നെ സേലം ഗവ.ആശുപത്രിയിൽ ഭാര്യയെ പ്രവേശിപ്പിച്ചു. പരിശോധനകൾ നടത്തുവാൻ തുടങ്ങി. ഭാര്യയെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തിട്ട് ഞാൻ എന്റെ ജോലിക്കായി ഡാനിഷ്പേട്ടെയിലെ ബെഥേൽ മിഷൻ ആശുപത്രി & സ്വന്ത ക്ലീനിക്കിലേക്ക് (clinic) രോഗികളെ ചികിത്സിക്കുവാൻ പോയി.

അന്നു വൈകിട്ട് സേലത്തിലേയ്ക്ക് തിരിച്ചു ഭാര്യയെ കാണുവാനായി നേരെ ആശുപത്രിയിലേക്കു പോയി. ആശുപത്രിയിൽ കണ്ട കാഴ്ചയോ – ഭാര്യ കിടന്നിരുന്നതായ മുറിയുടെ പ്രവേശന വാതിൽക്കൽ ധാരാളം ആളുകൾ കൂടി നിൽക്കുന്നത് കണ്ടു. സേലം സി.എസ്.ഐ സഭയിലെ അച്ചന്മാർ, പെന്തകോസ്തു സഭാ പാസ്റ്റർമാർ, വിശ്വാസികൾ, സഭാശുശ്രൂഷകന്മാർ തുടങ്ങിയവർ കൂടി തമ്മിൽ തമ്മിൽ സംസാരിക്കുന്നത് കണ്ടു. 'എന്റെ ഭാര്യ

മരിച്ചുപോയിരിക്കും' എന്ന ഭീതി എന്റെ ഹൃദയത്തിലുണ്ടായി. ആരോടും സംസാരിക്കാതെ വളരെ വേഗത്തിൽ രോഗിയുടെ മുറിക്കുള്ളിൽ കയറി. **ഭാര്യ മരിച്ചിട്ടില്ല** പക്ഷേ **ബോധരഹിതയായി** .രണ്ടു കൈകളിലും ഞരമ്പു വഴിയായി പല വിധത്തിലുള്ള മരുന്നുകൾ നൽകിക്കൊണ്ടിരിക്കുന്നു. ധാരാളം ഡോക്ടർമാർ ഭാര്യയുടെ കിടക്കയുടെ ചിറ്റിലും നിൽക്കുന്നുണ്ട്. ചില വൈദ്യശാസ്ത്ര ഉപകരണങ്ങൾ ഡോക്ടർമാർ ശ്രദ്ധിച്ചുകൊണ്ടേയിരിക്കുന്നു. ഭാര്യയുടെ ആരോഗ്യനില മോശമായിക്കൊണ്ടിരിക്കുന്നു.

ഏകദേശം രാത്രി 8 മണിയോടടുത്ത് രണ്ടു ഡോക്ടർമാർ എന്നെ സമീപിച്ച് നിങ്ങളുടെ ഭാര്യ ജീവിക്കുന്നത് വളരെ പ്രയാസമാണ്. ബന്ധുക്കളോ സ്വന്തക്കാരോ അറിയിക്കുവാനുള്ളവരെ അറിയിക്കുക എന്നു പറഞ്ഞു. എന്റെ ഭാര്യയുടെ അന്ത്യനിമിഷങ്ങളാണെന്ന് ഞാൻ മനസ്സിലാക്കി. ഉടൻ തന്നെ പോസ്റ്റാഫീസിൽ ടെലിഗ്രാം ചെയ്യുന്നതിനായി പോയി. രാത്രി 10 മണിക്ക് തിരിച്ചു വന്നു. അപ്പോൾ ഒരു ഡോക്ടർ മുറിയിൽ നിന്നും പുറത്തു വന്ന് നിങ്ങളുടെ ഭാര്യയുടെ രക്തം കട്ടപിടിക്കാൻ തുടങ്ങി അതുകൊണ്ട് ഞരമ്പു വഴി മരുന്നു പോകുന്നില്ല എന്ന് പറഞ്ഞു.

## സംഭവിച്ചതെന്താണ്?

അന്നു രാവിലെ സേലം സർക്കാർ ആശുപത്രിയിൽ ഭാര്യയെ പരിശോധനകൾക്കായി അഡ്മിറ്റ് ചെയ്തു. ബ്രയിനിന്റെ പരിശോധനകൾ മറ്റു ചില ടെസ്റ്റുകൾ എല്ലാം പൂർത്തിയാക്കി. ഉച്ചയ്ക്ക് പെട്ടെന്ന് അസഹനീയമാംവിധം തലവേദന ഉണ്ടായി. ഡ്യൂട്ടിയിലുള്ള ഡോക്ടർ, വേദനസംഹാരിയായ നോവാൽജിൻ എന്ന കുത്തിവെയ്പ്പു നൽകി. നിർഭാഗ്യവശാൽ അത് അലർജി ഉണ്ടാക്കി. ബോധം നശിക്കുവാൻ കാരണമായി തീർന്നു. പൾസ് കുറയുവാൻ തുടങ്ങി. ഹൃദയസ്പന്ദനം മന്ദഗതിയിലായി. പെട്ടെന്ന് വിദഗ്ധഡോക്ടർമാരും ഡി.എം.ഒയും എല്ലാവരുമായി ചേർന്ന് ഹൃദയസ്പന്ദനം നിലനിർത്തുവാൻ എല്ലാ വഴികളും നോക്കി. പരാജയപ്പെട്ടു. വേറൊരു സ്പെഷ്യലിസ്റ്റ് ഡോക്ടറെ കൊണ്ടുവന്നു. പലവിധ ശ്രമങ്ങളും നടത്തി ഞരമ്പുവഴി മരുന്നുകൾ നൽകി. അവസാനഘട്ടത്തിൽ രാത്രി 12.30 മണിക്ക് നാഡി പൾസ് നിന്നു പോകുന്ന അവസ്ഥ എന്നോടറിയിച്ചു. എന്റെ ഭാര്യയുടെ അവസാന അദ്ധ്യായങ്ങൾ എഴുതപ്പെടുന്നു എന്ന് ഞാനറിഞ്ഞു. കട്ടിലിന്റെ മറുവശത്ത് എന്റെ ഭാര്യയുടെ അമ്മ രണ്ടാമത്തെ കുഞ്ഞിനെയും എടുത്തു കരഞ്ഞു കൊണ്ടു നിൽക്കുന്ന കാഴ്ച എന്റെ മനസ്സിനെ കുലുക്കി.

എവിടെയെങ്കിലും ഒറ്റയ്ക്കു പോയിരുന്നു ദൈവസന്നിധിയിൽ ഹൃദയം തുറന്ന് കരയണം എന്ന് വിചാരിച്ച് നടന്നു. പക്ഷേ അവിടെയുണ്ടായിരുന്ന അച്ചന്മാർ, ദൈവവേലക്കാർ എല്ലാവരും എന്നെ തനിച്ചുവിടാതെ എന്റെ കൂടെത്തന്നെയായിരിക്കുന്നു. ഒറ്റയ്ക്കിരുന്ന് പ്രാർത്ഥിക്കുവാനായി എനിക്ക് ഇവരെ വിട്ടുമാറാൻ എങ്ങനെ സാധിക്കും? ഞാൻ വഴി അന്വേഷിച്ചു ഭാരപ്പെട്ടു.

സർക്കാർ ആശുപത്രിയിൽ എല്ലാവരും ഉപയോഗിക്കുന്നതായ കക്കൂസ് (Toilet) ശ്രദ്ധയിൽപ്പെട്ടു. ആരും എന്നോടുകൂടെ വരുവാൻ കൂടയില്ലാത്ത സ്ഥലമായി ഞാൻ അതിനെ കണ്ടു. കയറി, കതകടച്ചു. (പൊതുജനങ്ങൾ സർക്കാർ ആശുപത്രിയിൽ ഉപയോഗിക്കുന്നതായ കക്കൂസ് എങ്ങനെയിരിക്കും എന്ന് ഊഹിക്കാമല്ലോ?).

കാൽ ചവിട്ടുവാൻ സ്ഥലമില്ലാതെ വിസർജ്ജ്യ വസ്തുക്കൾ. അതിന്റെ നടുവിലായി വൃത്തിയുള്ള ഒരു സ്ഥലം നോക്കി കാൽ ഉറപ്പിച്ച് കൈകൂപ്പി നിന്ന് എന്നെ തിരഞ്ഞെടുത്ത ദൈവത്തിനോട് കേണപേക്ഷിച്ചു.

'കർത്താവേ! 1964 മുതൽ അങ്ങയുടെ വേലയ്ക്കായി എന്റെ ഉദ്യോഗത്തിൽ അധികം പണം സമ്പാദിക്കണം എന്ന ചിന്ത ഇല്ലാതെ എന്റെ സമയം നിന്റെ വേലയ്ക്കായി ചിലവാക്കിയല്ലോ. പല കുന്നും മലയും കയറി, വനപ്രദേശത്തിൽ കാട്ടിനകത്ത് താമസിച്ച് ഞാൻ കഠിനമായ പാടുകൾ സഹിച്ച് ചെയ്ത ശുശ്രൂഷയെ ഓർക്കേണേ. എന്റെ യോഗങ്ങളിൽ ആയിരക്കണക്കിന് ജനങ്ങൾ രക്ഷിക്കപ്പെടുകയും രോഗശാന്തി പ്രാപിക്കുകയും ചെയ്തുവല്ലോ. അതൊക്കെയും ഓർത്തെങ്കിലും എന്റെ പ്രിയപത്നിയെ രക്ഷിക്കയില്ലേ? എന്നു കരയുവാൻ തുടങ്ങി. ഞാൻ എന്റെ ഭാര്യയെ ഇപ്പോൾ മരിക്കുവാൻ അനുവദിച്ചാൽ എന്റെ രണ്ടു പിഞ്ചുകുഞ്ഞുങ്ങളെയും കൊണ്ട് അങ്ങയുടെ വേല എങ്ങനെ ചെയ്യുവാൻ കഴിയും. എന്റെ ജീവിതത്തിൽ എന്തെങ്കിലും തെറ്റുണ്ടായാൽ, ദൈവത്തെ വേദനിപ്പിക്കുന്നെ എന്തെങ്കിലും വിഷയങ്ങളുണ്ടെങ്കിൽ ദയതോന്നി എന്നെ അറിയിക്കേണമേ. ഞാൻ അത് ക്രമപ്പെടുത്തിക്കൊള്ളാം. ഈ ഒരു പ്രാവശ്യം എന്റെ ഭാര്യയുടെ ജീവനെ ദാനമായി യാചിക്കുന്നു. മനസ്സലിയണമേ എന്ന് ഉള്ളം തകർന്ന് ഉറക്കെ കരഞ്ഞു.'

ആ സമയം ദുർഗന്ധം ഉള്ള ടോയ്‌ലറ്റിൽ പരിശുദ്ധദൈവത്തിന്റെ സാന്നിദ്ധ്യം ഞാൻ മനസ്സിലാക്കി. എന്റെ ദൈവം മനുഷ്യവിസർജ്ജ്യത്തിന്റെ ദുർഗന്ധം കണക്കിലെടുക്കുന്നില്ല. പക്ഷേ എന്റെ ഹൃദയത്തിന്റെ ഉള്ളറകളെ കണ്ടു. എന്റെ കരച്ചിൽ കേട്ടു. പെട്ടെന്ന് ഉടൻതന്നെ ദൈവാത്മാവ് എന്നോട് ഇടപെട്ടു. 'മകനേ! ആദ്യം നിന്റെ ഹൃദയത്തിൽ ഉള്ളതായ നിഗളം, അഹംഭാവം, ഗർവ്വം നിന്നിൽ നിന്ന് നീക്കിക്കളയുക.'

ആയിരക്കണക്കിന് ജനങ്ങൾ നിന്റെ യോഗങ്ങളിൽ **രക്ഷിക്കപ്പെട്ടത്, മാനസാന്തരപ്പെട്ടത്** നിന്റെ പ്രസംഗം മൂലം എന്നാണോ നീ കരുതുന്നത്. ആ നിഗളം (മനോഭാവം) ഒന്നാമത് നിന്റെ ഹൃദയത്തിൽ നിന്ന് അകറ്റുക. ജനങ്ങൾ രക്ഷിക്കപ്പെട്ടത് എന്റെ വചനത്താലാണ്. നീ പ്രസംഗിച്ചത് എന്റെ വചനമാണ്. ജനം എന്റെ വചനം ശ്രദ്ധിച്ചു. മുന്നറിയിപ്പുകളെ ശ്രദ്ധിച്ച് മാനസാന്തരപ്പെട്ട് എന്നെ നോക്കി കരഞ്ഞു. ഞാൻ അവരെ രക്ഷിച്ചു. എന്റെ വചനം അവരിൽ ക്രിയ ചെയ്തു. എന്റെ വചനം അയച്ച പ്രവൃത്തി ചെയ്യാതെ ഒരിക്കലും തിരിച്ച് വരികയില്ല എന്ന് നിനക്ക് അറിഞ്ഞുകൂടേ?

**ആയിരക്കണക്കിന് ജനങ്ങൾ സൗഖ്യം പ്രാപിച്ചു എന്നു പറഞ്ഞല്ലോ**. നിന്റെ പ്രാർത്ഥന കൊണ്ട് മാത്രം അവർ സൗഖ്യം പ്രാപിച്ചു എന്നു നീ കരുതുന്നുവോ? ഒരു കൂട്ടം ജനങ്ങൾ മാനസാന്തരപ്പെട്ട് എന്റെ വചനം അനുസരിച്ചു. ഞാൻ അവരെ സൗഖ്യമാക്കി (സങ്കീ 107:20) അവൻ തന്റെ വചനത്തെ അയച്ചു അവരെ സൗഖ്യമാക്കി. ഇവർ പ്രാപിച്ച സൗഖ്യത്തിനും നിനക്കും തമ്മിൽ എന്തു ബന്ധമാണ്? ഇപ്രകാരമുള്ള പാപം (അഹങ്കാരം) നിന്റെ ഹൃദയത്തിൽ നിന്ന് നീക്കിക്കളയുക. നിന്നിലുള്ള ഗർവ്വം നീക്കിക്കളയുക എന്ന് യഥാക്രമം ഒന്നൊന്നായി എന്നെ ഉണർത്തുകയും, എന്റെ കുറവുകൾ എനിക്കു മനസ്സിലാവുകയും ചെയ്തു. ദൈവമേ! ഞാൻ വെറും നിന്റെ ഉപകരണം മാത്രം എന്ന് ഞാൻ അറിഞ്ഞു. ജനം രക്ഷയിലേക്കു വന്നതും, സൗഖ്യം പ്രാപിച്ചതും നിന്റെ വചനത്താലല്ലാതെ എന്റെ പ്രസംഗംകൊണ്ടോ എന്റെ പ്രാർത്ഥന കൊണ്ടോ അല്ല എന്ന് ഞാൻ സമ്മതിച്ച് ഏറ്റു പറഞ്ഞു.

ഞാൻ തന്നെ ശുശ്രൂഷകന്മാരുടെ യോഗങ്ങളിൽ ദൈവവേലക്കാർക്ക് ഗർവ്വം, അഹങ്കാരം, അഹംഭാവം പാടില്ല എന്ന് പ്രസംഗിച്ചു. എന്നാൽ അതൊക്കെയും (അഹങ്കാരം, ഗർവ്വം, നിഗളം, അഹംഭാവം) എന്റെ ഉള്ളിൽ മറഞ്ഞിരിക്കുന്നത് എനിക്ക് മനസ്സിലാക്കി തന്നതിനാൽ ദൈവത്തെ

സ്തുതിക്കുന്നു. നന്ദി. ഇനി എല്ലാ സ്തുതിയും മാനവും മഹത്വവും അങ്ങേയ്ക്കുള്ളത്. ഈ ഒരു പ്രാവശ്യം എന്നോട് ക്ഷമിച്ച് എനിക്ക് ഒരവസരം കൂടെ തരേണമേ! എന്റെ പ്രിയപത്നിയെ ജീവിപ്പിക്കേണമേ എന്ന് താഴ്മയോടെ അപേക്ഷിച്ചു.

അപ്പോൾ തന്നെ ചിലർ ഞാൻ നിന്നതായ ടോയ്ലെറ്റ് മുറിയുടെ കതക് തട്ടി, ഡോക്ടർ നിങ്ങളുടെ ഭാര്യ ജീവിച്ചു. നാഡിയിടിപ്പ് (pluse) ശരിയാകുവാൻ ആരംഭിച്ചു. നാഡിസ്പന്ദനം കൂടുവാൻ തുടങ്ങി. നിങ്ങളെ ഡോക്ടർ വിളിക്കുന്നു എന്നു പറഞ്ഞു.

ഞാൻ ദൈവത്തിന് നന്ദി അർപ്പിച്ചു. നന്ദി കർത്താവേ എന്റെ പ്രാർത്ഥനയും എന്റെ യാചനയും അങ്ങ് സ്വീകരിച്ചല്ലോ നന്ദി. ഇപ്പോൾ ഞാൻ പ്രാർത്ഥന നിർത്തിക്കൊള്ളുന്നു. വീണ്ടും മടങ്ങിവന്ന് അങ്ങയോടു സംസാരിക്കും എന്നു പറഞ്ഞു. പ്രാർത്ഥന നിർത്തി. കതകു തുറന്നു. ഭാര്യ കിടന്നതായ മുറിയിലേയ്ക്ക് ഓടിപ്പായി.

എല്ലാ ഡോക്ടർമാരും കട്ടിലിനും ചുറ്റും ഉണ്ടായിരുന്നു. ഞാൻ കാൽഭാഗത്തു നിന്നു. എന്റെ ഭാര്യയുടെ അത്യാസന നിലയ്ക്ക് കാരണം ഞാനാണ് എന്ന് എനിക്കും എന്റെ ദൈവത്തിനും മാത്രമേ അറിയൂ. ചില നിമിഷങ്ങൾക്കു മുൻപ് മാത്രമാണ് എന്റെ ഭാര്യയുടെ മരണകരമായ അവസ്ഥയുടെ കാരണം ഞാൻ അറിഞ്ഞതും എന്നെ ക്രമീകരിച്ചതും (എന്റെ തെറ്റുതിരുത്തിയതും) തീർച്ചയായും എന്റെ ഭാര്യ ജീവിതത്തിലേക്കു തിരികെ വരും.

മിനിറ്റുകൾക്കുശേഷം ഭാര്യ കണ്ണുകൾ തുറന്നു. കൃഷ്ണമണികൾ ചലിപ്പിച്ച് ചുറ്റിലും നോക്കി. കാലിന്നരികിലായി നിൽക്കുന്ന എന്നെ കണ്ടു. തന്റെ സമീപം വരുവാനായി കണ്ണുകൊണ്ട് ആംഗ്യം കാണിച്ചു. എല്ലാവരെയും മാറ്റി അടുത്തു ചെന്നു. എന്തോ പറയുവാൻ ശ്രമിക്കുന്നതായി തോന്നി. അവളുടെ ചുണ്ടിന്നരികെ എന്റെ ചെവി ചേർത്ത് ശ്രദ്ധിച്ചു. അപ്പോൾ പറഞ്ഞതെന്താണെന്നോ? നാളെ നിങ്ങൾക്ക് മധുരയിൽ കൺവൻഷനു പ്രസംഗിക്കുവാൻ പോകേണ്ടതുണ്ടല്ലോ? ഓർമ്മയില്ലേ. ഇവിടെ നിങ്ങൾ എന്തു ചെയ്യുകയാണ്? എന്ന് ചോദിച്ചു.

എന്റെ ദൈവത്തെ ഹൃദയംഗമായി സ്തുതിച്ചു. താൻ ആയിരിക്കുന്ന അവസ്ഥ, മരണശയ്യ എന്നു അറിഞ്ഞിട്ടും എന്റെ ശുശ്രൂഷയെക്കുറിച്ച് എന്നെ ഓർമ്മിപ്പിച്ച ചുമതലാബോധം, എന്നെ വളരെയധികം എനിക്ക് ലഭിച്ച ആത്മീയഗുണമുള്ള ഭാര്യയ്ക്കായി ദൈവത്തെ സ്തുതിക്കുവാൻ ഇടയാക്കി. ഒരു വ്യക്തിക്ക് രക്ഷാനിർണ്ണയം പ്രാപിച്ച ഭാര്യയെ ലഭിക്കുന്ന ഭാഗ്യം ജീവിതത്തിൽ വളരെ വലുതാണ്. ആ നിലയിൽ ഞാൻ ഭാഗ്യവാനാണ് എന്ന് പറയുന്നതിൽ അഭിമാനമുണ്ട്. രണ്ടു ദിവസത്തിനകം പൂർണ്ണ സൗഖ്യം പ്രാപിച്ച് വീട്ടിലേക്ക് ഞാൻ ഭാര്യയെ കൂട്ടിക്കൊണ്ടു വന്നു.

പ്രിയമുള്ള വായനക്കാരേ! ശുശ്രൂഷകരേ 1964-ൽ മാനസാന്തരപ്പെട്ട് രക്ഷിക്കപ്പെട്ട് ദൈവവേലയിൽ പലവർഷങ്ങളായി പ്രവർത്തിച്ചുവന്ന എന്നെ ക്രമീകരിക്കുവാനും എന്റെ തെറ്റുകളെ എനിക്ക് മനസ്സിലാക്കിത്തരുവാനുമായി ദൈവം ഉപയോഗിച്ചതായ തന്റെ രണ്ടാമത്തെ ആയുധത്തെ ശ്രദ്ധിച്ചുവോ?

1964-നു മുമ്പ് ഞാൻ ഇന്ത്യയിൽ മിലിട്ടറി സർവ്വീസിൽ ആയിരുന്നപ്പോഴും, അതിനുമുമ്പും ഞാൻ അറിഞ്ഞ് പലവിധ പാപങ്ങൾ ചെയ്തപ്പോൾ എനിയ്ക്ക് ഇത്രവലിയ ശിക്ഷ ലഭിച്ചില്ല.

പാപം ചെയ്യുവാനായി ഒരു വാനിൽ യാത്ര ചെയ്തപ്പോൾ വണ്ടിയുടെ Axil ഒടിഞ്ഞു. ചക്രം ഊരിത്തെറിക്കുകയും, വണ്ടി മറിയുകയും ചെയ്തു. വാതിലിന്നരികിലായിരുന്ന ക്ലീനർ

മരിക്കുകയും, ഡ്രൈവറിന്റെ ചെവി മുറിഞ്ഞു പോകുകയും ചെയ്തു. പക്ഷേ നടുവിലായിരുന്ന എനിക്ക് ഒരു ചെറിയ പോറൽ പോലുമേല്ക്കാതെ, വാഹനത്തിന്റെ മുന്നിലുള്ള കണ്ണാടി കാൽകൊണ്ട് ചവിട്ടിപ്പൊട്ടിച്ച് ആ വഴിയിൽകൂടെ പുറത്തിറങ്ങി. എന്റെ ശരീരത്തിലെങ്ങും ഒരു പോറൽ പോലുമേല്ക്കാതെ എന്നെ കാത്തു സൂക്ഷിച്ചു. ആ സമയത്തൊന്നും ഇത്രയും വലിയ ശിക്ഷാമാർഗ്ഗമായ തന്റെ രണ്ടാമത്തെ ആയുധം ദൈവം എനിക്കെതിരെ ഉപയോഗിച്ചില്ലല്ലോ? എന്തുകൊണ്ട്. വളരെ വർഷങ്ങളായി ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്താനായില്ല. ഞാനും അതിനു അധികം പ്രാധാന്യം കൽപിച്ചില്ല. പക്ഷേ മാനസാന്തരപ്പെട്ട് ദൈവവേലക്കാരനായി ദൈവത്താൽ പ്രയോജനപ്പെടുത്തിക്കൊണ്ടിരുന്നപ്പോൾ, സാധാരണയായ – അഹങ്കാരം, അഹംഭാവം, ഗർവ്വം എന്നിവയെ ഉണർത്തുവാൻ വേണ്ടിയാണോ – എന്റെ ഭാര്യയുടെ മരണശയ്യ – എന്ന ആയുധം ദൈവം ഉപയോഗിച്ചത്. ഇത് എന്നെ വളരെ ആഴമായി ചിന്തിപ്പിച്ചു.

തിരുവചനം പറയുന്നു അറിഞ്ഞും അതിൻപ്രകാരം ചെയ്യാത്തവർ അനേകം അടികൊള്ളും. അതേ വെള്ളത്തുണിയിൽ ഒരു ചെറിയ തുള്ളി മഷി പറ്റിയാൽ വ്യക്തമായി അത് കാണപ്പെടും. അതേസമയം നല്ല കറുത്ത തുണിയിൽ എത്ര വലിയ കറ പുരണ്ടാലും പെട്ടെന്ന് നാം തിരിച്ചറിയുകയില്ല. ദൈവത്തിന്റെ നോട്ടം വ്യത്യസ്തമായതാണ്. നാം മാനസാന്തരപ്പെട്ട് ദൈവവേലയിൽ ഏർപ്പെട്ട് മറ്റുള്ളവരെ ഉപദേശിക്കുന്ന അളവിൽ ഉയർന്ന നിലയിൽ എത്തുമ്പോൾ നാം ചെറിയതെന്നു വിചാരിക്കുന്ന തെറ്റും കുറ്റങ്ങളും ദൈവത്തിന്റെ നോട്ടത്തിൽ വലുതായി കാണും. അതുകൊണ്ടാണ് വെളിപ്പാടു പുസ്തകത്തിൽ ദൈവം പറയുന്നു “വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ.” വേദപുസ്തകത്തിന്റെ അവസാന അദ്ധ്യായത്തിൽ പരിശുദ്ധാത്മാവ് ഇങ്ങനെ എഴുതിയിരിക്കുന്നു (വെളി 22:11).

പ്രിയമുള്ളവരെ ദൈവവേലയിൽ ആയിരിക്കുന്ന ഞാൻ എന്റെ ജീവിതത്തിൽ എന്നെ കുറ്റമറ്റവനാക്കിത്തീർക്കുവാൻ ശുദ്ധമായ പൊന്നാക്കി മാറ്റുവാൻ അഗ്നിയിൽ സ്വർണ്ണം ശുദ്ധീകരിക്കുന്നതുപോലെ എന്ന ശുദ്ധീകരിക്കുവാൻ എന്റെ പ്രിയപ്പെട്ടവളെ ആയുധമായി ഉപയോഗിച്ചല്ലോ? ഇതു വായിക്കുന്നതായ നിങ്ങളിൽ ആരെങ്കിലും ഇനിയും മാനസാന്തരപ്പെടാത്ത അവസ്ഥയിൽ ആയിരിക്കുന്നു എങ്കിൽ തനിച്ച് ദൈവസന്നിധിയിൽ പാപത്തെക്കുറിച്ച് അനുതപിച്ച് ദൈവത്തോട് ഏറ്റുപറയുക. ആ നിമിഷം തന്നെ ദൈവം തന്റെ രക്തത്താൽ കഴുകി ശുദ്ധീകരിച്ച് നിങ്ങളെ തന്നെപ്പോലെ മാറ്റും. ദൈവം അതാണ് ആഗ്രഹിക്കുന്നത്. ഞാൻ വിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും വിശുദ്ധരായിരിപ്പിൻ എന്നു പറഞ്ഞു.

‘ഞാൻ വിശുദ്ധൻ’ എന്ന് ലോകത്തിലെ ഒരു മതത്തിലും ഒരു ദൈവവും പറഞ്ഞതായി വേദങ്ങളിലോ പുരാണങ്ങളിലോ എഴുതിയിട്ടുള്ളതായി ആർക്കും പറയുവാൻ കഴിയുകയില്ല.

നമ്മുടെ ദൈവം മാത്രമാണ് വിശുദ്ധൻ. അതുകൊണ്ടു തന്നെയാണ് നമ്മെയും വിശുദ്ധജീവിതം ചെയ്യുവാൻ ആഹ്വാനം ചെയ്യുന്നത്.

ഇത് വായിക്കുന്ന നിങ്ങൾ എത്ര പാരമ്പര്യ ക്രിസ്ത്യാനി ആയിരുന്നാലും, വൈദീകനോ ബിഷപ്പോ മോഡറേറ്ററോ കൺവൻഷൻ പ്രസംഗികനോ ആയിരുന്നാലും എത്ര ലക്ഷം രൂപ ദൈവവേലയ്ക്ക് കൊടുത്താലും മിഷണറി വേലയിൽ എത്ര ദേവാലയങ്ങൾ പണിയിച്ചു കൊടുത്താലും മാനസാന്തരപ്പെട്ടില്ല എങ്കിൽ നിശ്ചയമായും നിങ്ങൾക്ക് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുവാൻ സാധിക്കുകയില്ല.

പാപം ചെയ്തുകൊണ്ടു തന്നേ ശുശ്രൂഷയും ചെയ്യുവാൻ സാധിക്കും.

പാപം ചെയ്തുകൊണ്ടും, വചനപ്രകാരം ദൈവവേല ചെയ്യാതെയും പ്രവചനം പറയുവാൻ കഴിയും. പ്രാർത്ഥനയിൽ വ്യാജമായി പേർ പറഞ്ഞ് ദൈവം കാണിച്ചു തരുന്നതായി പറയുവാൻ കഴിയും. അത് ശരിയാണെന്ന് ജനങ്ങൾക്ക് തോന്നുകയും ചെയ്യും. വ്യാജമായി പറയുന്ന നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ പിശാച് ഓടിപ്പോകും. നിങ്ങളുടെ യോഗങ്ങളിൽ അത്ഭുതങ്ങൾ സംഭവിക്കും. പക്ഷേ യേശുക്രിസ്തു 'ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല' എന്നു പറയും.

നിങ്ങളെ **അധർമ്മം പ്രവർത്തിക്കുന്നവർ** എന്നു വിളിക്കും. എങ്ങനെയെന്നാൽ വ്യവസ്ഥയില്ലാതെ, വചന അടിസ്ഥാനത്തിലല്ലാതെ എത്ര അത്ഭുതങ്ങൾ, നിങ്ങളുടെ ശുശ്രൂഷയിൽ സംഭവിച്ചതായി സാക്ഷികൾ എഴുതിയാലും, നിങ്ങളെ അധർമ്മം പ്രവർത്തിക്കുന്നവർ എന്നു തന്നേ വിളിക്കും. പരിശുദ്ധാത്മാവിന്റെ പേർ ഉപയോഗിച്ച് ഭാഷ അല്ലാത്ത ഒന്നിനെ ഭാഷ എന്നും അഗ്നി എന്നും അഗ്നി അഭിഷേകം എന്നും ആകർഷകമായ വാക്കുകൾ മൂലം ജനങ്ങളെ വഞ്ചിക്കുന്ന എല്ലാ ശുശ്രൂഷകന്മാരെയും പാസ്റ്റർമാരെയും കുറിച്ച് ഞാൻ പറയുവാൻ ആഗ്രഹിക്കുന്നത് ഇതു തന്നെയാണ്. നിങ്ങൾ തെറ്റു തിരുത്തുക. നിങ്ങളുടെ തെറ്റായ ദർശനങ്ങളെ മനസ്സിലാക്കുക. സ്വർഗ്ഗരാജ്യത്തിൽ പോകുന്നു.

നരകത്തിൽ പോയിട്ടു വന്നു എന്നൊക്കെയും നിങ്ങൾ പറയുന്നതായ കള്ളത്തരങ്ങൾക്ക് ഒരറുതി വരുത്തുക. ഞാനും നിങ്ങളെപ്പോലെയുള്ള ഒരു ശുശ്രൂഷകനാണ്. ദൈവം എന്നെ ക്രമീകരിക്കുവാൻ, ശരിപ്പെടുത്തുവാൻ ഉപയോഗിച്ചതായ **രണ്ടാമത്തെ ആയുധം** നിങ്ങളുടെ ജീവിത്തിൽ ഉപയോഗിക്കുന്നതുവരെ കാത്തിരിക്കേണ്ട. കൈകാലുകളും മക്കളെയും ഭാര്യയോ ഭർത്താവോ അല്ലെങ്കിൽ മാതാപിതാക്കളോ നഷ്ടപ്പെട്ടശേഷം നിങ്ങൾ മാനസാന്തപ്പെട്ടിട്ട് എന്തു ഫലം?

**നിന്റെ ശുഭകാലത്ത് ഞാൻ നിന്നോട് സംസാരിച്ചു; നീയോ ഞാൻ കേൾക്കയില്ല എന്നു പറഞ്ഞു. എന്റെ വാക്കു അനുസരിക്കാതിരിക്കുന്നത് ബാല്യം മുതൽ നിനക്കുള്ള ശീലം (യെശ 22:21) എന്ന് ദൈവം നിങ്ങളെ നോക്കി പറയുന്നു.**

നീ ആരെയാകുന്നു ശങ്കിച്ച് ഭയപ്പെട്ടത്? കപടം കാണിക്കുന്നു എന്ന് ദൈവം യെശ 57:11–ൽ പറയുന്നു. അന്യഭാഷ പറയുന്നതിലും സാക്ഷ്യം പറയുന്നതിലും ദർശനത്തിലും കള്ളം സൂക്ഷിക്കുക. വീണ്ടും നിങ്ങൾക്ക് ഞാൻ മുന്നറിയിപ്പ് നൽകുന്നു.

അവസാനമായി ദൈവം പറയുന്നത് ശ്രദ്ധിക്കുക. ഞാൻ ബഹുകാലം മിണ്ടാതെ ഇരുന്നിട്ടല്ലയോ നീ എന്നെ ഭയപ്പെടാതെയിരിക്കുന്നത് (യെശ 57:11). ബഹുകാലം മിണ്ടാതെ ഇരുന്നു. ഭയപ്പെടാതിരിക്കുന്നു എന്ന വാക്കു ശ്രദ്ധിക്കുക. പരിശുദ്ധാത്മാവ് മനുഷ്യനോട് സദാകാലം വാദിക്കയില്ല എന്നു വചനം പറയുന്നു.

ആകയാൽ ഇതു വായിക്കുന്ന നിങ്ങൾ ആരാണെങ്കിലും മരിക്കുന്നതിന് മുമ്പ് മനം തിരിയുക. മരണത്തിനുശേഷം മാനസാന്തരപ്പെടുവാൻ അവസരമില്ല. ഇപ്പോൾ നിങ്ങൾ ജീവനോടെ ആയിരുന്നു ഇത് വായിക്കുക. ഇപ്പോൾത്തന്നെ മനം തിരിയുക.

എന്റെ പ്രിയ ഭാര്യയെ മരണശയ്യയിലാക്കി എന്നെ ക്രമീകരിക്കുവാൻ തെറ്റുകളെ ശരിയാക്കുവാൻ ശ്രമിച്ചതുപോലെ നിങ്ങളുടെ ഭാര്യയോ മക്കളോ ഭർത്താവോ മരണശയ്യയിലോ നിങ്ങളെ ഉണർത്തുന്ന അഥവാ മനസ്സിലാക്കുന്ന അവസ്ഥ സൃഷ്ടിക്കേണ്ട.

നിങ്ങളുടെ ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടശേഷം കടബാധ്യതകൾ നേരിടുമ്പോൾ ദൈവത്തെ അന്വേഷിക്കുവാനായി കാത്തിരിക്കേണ്ട. ഇന്ന് രക്ഷാദിവസം.

നിങ്ങളുടെ മദ്യപാനം ഇന്ന് തന്നെ നിറുത്തുക. പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴിയുകയില്ല (യോഹ 3:3).

ഇത് വായിക്കുന്ന നിങ്ങളേവർക്കു വേണ്ടിയും ഞാൻ പ്രാർത്ഥിക്കുന്നു. ദൈവത്തിന്റെ രണ്ടാമത്തെ ആയുധം നിങ്ങളുടെമേൽ പ്രയോഗിക്കാതിരിക്കുവാനും പ്രാർത്ഥിക്കുന്നു.

ദൈവത്തെ കണ്ടെത്താകുന്ന സമയത്ത് അവനെ അന്വേഷിക്കുക. അവൻ സമീപത്തായിരിക്കുമ്പോൾ അവനെ വിളിച്ചപേക്ഷിക്കുക. ദൈവത്തിന്റെ രണ്ടാമത്തെ ആയുധം – മുന്നറിയിപ്പ്.



***Who am I O sovereign Lord, and what is my family, that you have brought me this far? . 2 Sam 7:18***




2015 ജൂൺ 22–ാം തീയതി യോഗദിവസമായി അനുഷ്ഠിക്കണം എന്ന് നമ്മുടെ പ്രധാനമന്ത്രി അറിയിച്ചു. കഴിഞ്ഞ വർഷം അമേരിക്കൻ ഐക്യനാടുകളിൽ പ്രസംഗിച്ചപ്പോൾ ലോകം മുഴുവനും യോഗകലയെ പ്രായോഗികമാക്കുന്നത് എല്ലാ മനുഷ്യർക്കും ആരോഗ്യത്തിന് നല്ലതു എന്ന് പ്രധാനമന്ത്രി ശ്രീ.മോദി അവർകൾ അറിയിച്ചു. ആ യോഗത്തിൽ സംബന്ധിച്ച ഏകദേശം ലോകത്തിലുള്ള എല്ലാ പ്രതിനിധികളും അത് സമ്മതിച്ചു. കഴിഞ്ഞ് 22–ാം തീയതി അതുപോലെ തന്നെ ലോകനാടുകൾ (പാകിസ്ഥാൻ ഒഴികെ) എല്ലാവരും യോഗ നടത്തി. ഗിന്നസ്സിൽ റെക്കോഡായി. അതിനുവേണ്ടി ലോകഗിന്നസ് സ്ഥാപനം നമ്മുടെ പ്രധാനമന്ത്രിക്ക് 2 ലോകറിക്കാർഡ് അവാർഡായി നല്കി. ഇത് ഒരു പ്രധാനമന്ത്രിക്കും കിട്ടാത്ത ഒരു ബഹുമാനമാണ്.
* ഈ യോഗ അറിയിപ്പു വന്നശേഷം ഇന്ത്യയിലുള്ള പ്രത്യേകിച്ച് കേരളത്തിലും, തമിഴ്നാട്ടിലും ഉള്ള ധാരാളം ക്രിസ്ത്യാനികൾ എന്നോടു ഭയത്തോടു ഫോൺ മുഖാന്തിരം ഇതിന്റെ വിവരങ്ങൾ ചോദിച്ചു. ക്രിസ്ത്യാനികൾ ഈ യോഗകല ചെയ്യുന്നതിൽ തെറ്റുണ്ടോ? എന്ന് ചോദിക്കുകയുണ്ടായി.
* യോഗകല ഒരു മതത്തോടു ബന്ധപ്പെട്ടതല്ല. ലോകത്തിൽ ആദ്യം ഇന്ത്യയിലാണ് യോഗകല തുടങ്ങിയത്. ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് യോഗികളും സിദ്ധന്മാരും ഈ യോഗയിലൂടെയാണ് തങ്ങളുടെ ആരോഗ്യത്തെ സൂക്ഷിച്ചു ജീവിച്ചത്.

യോഗ എന്നുള്ളതിൽ മൂന്ന് പ്രധാന വിഷങ്ങൾ അടങ്ങിയിട്ടുണ്ട്. സ്ഥിരം, സുഖം, ആസനം. ഒരു ശരീരഅഭ്യാസം പോലെയാണിത്. ഇത് ചെയ്യുന്നതിൽ തെറ്റില്ല. പക്ഷേ ഹൈന്ദവർ അവരുടെ ദൈവത്തെ ഇതു വഴിയായി പരിചയപ്പെടുത്തുന്നു.

യോഗ ചെയ്യുമ്പോൾ ചിന്തയെ സമനിലപ്പെടുത്തുന്നതിന് രണ്ട് പുരികത്തിന്റെ ഇടയ്ക്കുള്ള ഭാഗ (ചക്രം)ത്തിൽ കൊണ്ടു വന്ന് നിർത്തണം. ഇത് കണ്ണ് അടച്ചുകൊണ്ട് ചെയ്യേണ്ടതാണ്. ഈ രീതി പറഞ്ഞുകൊടുക്കുന്നവർ അവരുടെ ഇഷ്ടദൈവത്തെ അവരുടെ ചിന്തയിൽ കൊണ്ടുവന്ന് നിർത്താൻ പരിശീലിപ്പിക്കും. അവിടെയാണ് മാനസിക പ്രശ്നങ്ങൾ ഉണ്ടാകുന്നത്. ക്രിസ്ത്യാനികൾ അതിനെക്കുറിച്ച് ഭയപ്പെടേണ്ട ആവശ്യമില്ല. ആരും ഈ വിഷയത്തിൽ നിർബന്ധിക്കുവാനും പാടില്ല. ഡൽഹിയിൽ 21–ാം തീയതി നടത്തിയ യോഗകലയുടെ പരിപാടിയിൽ സൂര്യനമസ്കാരത്തെ ചേർത്തിരുന്നു. ഇന്ത്യ മുഴുവൻ ടിറ്റർ വഴിയായി ധാരാളം പേർ തങ്ങളുടെ എതിർപ്പ് രേഖപ്പെടുത്തി. പ്രധാനമന്ത്രിയും ആ ലിസ്റ്റിൽ നിന്നും സൂര്യനമസ്കാരം എടുത്തുമാറ്റുവാനും കല്പിച്ചു. പക്ഷെ ആർ.എസ്.എസ്കാർക്ക് അത് ഇഷ്ടപ്പെട്ടില്ല. എന്നാൽ നാം അത് മനസ്സിലാക്കി 'സൃഷ്ടി കർത്താവിനെ വിട്ട് സൃഷ്ടിയെ വണങ്ങുന്നതു തെറ്റാണ്.'

## യോഗയിലുള്ള ആപത്ത്

യോഗകലയെക്കുറിച്ചുള്ള പുസ്കത്തിലെ ചിത്രം കണ്ടാണ് അത് പരിശീലിപ്പിക്കുവാൻ പാടില്ല. അത് പറഞ്ഞു കൊടുക്കുവാൻ ഒരു പരിശീലകനെ ആവശ്യമുണ്ട് എന്നറിയുന്നത്. നട്ടെല്ലിൽ പ്രശ്നം ഉള്ളവർ യോഗ ചെയ്യുമ്പോൾ തലയെ മാത്രം രണ്ടുവശത്തും തിരിച്ചു ചെയ്യുമ്പോൾ തോൾ ചേർത്ത തിരിച്ചാൽ നട്ടെല്ലിനു പ്രശ്നമുണ്ടാകും. അതുകൊണ്ടാണ് പരിശീലിപ്പിക്കുവാനുള്ള ആളിനെ ആവശ്യമായിരിക്കുന്നത്.

## ലോകനാടുകളിൽ യോഗ

ലോകനാടുകളിൽ യോഗ ഇഷ്ടപ്പെടുവാൻ പ്രധാന കാരണം ഈ ലോകത്തിൽ എല്ലാവരും മിഷൻ പോലെയാണ് ജീവിക്കുന്നത്. ഇതിന്റെ ഇടയിൽ വെളിയിൽ നടക്കാനോ, ഓടാനോ ആർക്കും സമയം നല്ല. അതുകൊണ്ടാണ് മുറിയ്ക്കകത്ത് ഇരുന്ന് ചെയ്യുന്നത്. അതുകൊണ്ട് ജാമക്കാരൻ വായനക്കാർക്ക് ഞാൻ പറയാൻ ആഗ്രഹിക്കുന്നത് മനുഷ്യർക്കെല്ലാം ദേഹാഭ്യാസം വളരെ ആവശ്യമാണ്. ശരീരത്തിൽ ആരോഗ്യം ഉള്ളവർക്കും ഇല്ലാത്തവർക്കും ശരീരത്തിന് ദേഹാഭ്യാസം വളരെ ആവശ്യമാണ്. അത് യോഗകല മുഖാന്തിരം തന്നെ ചെയ്യണം എന്ന ആവശ്യം ഇല്ല. വീട്ടിൽ ഇരുന്നുകൊണ്ട് വ്യായാമം ചെയ്യാൻ പറഞ്ഞു കൊടുക്കുന്ന പല പുസ്തകങ്ങൾ ഉണ്ട്. ഒരു ഡ്രിൽ മാസ്റ്റർ കുട്ടികളെ പഠിപ്പിക്കുന്നതുപോലെ കൈ ഉയർത്തി പതുക്കെ കുനിഞ്ഞും നിവർന്നും പതുക്കെ ഇരുന്നും പതുക്കെ എഴുന്നേറ്റും ചെയ്യുന്ന വ്യായാമങ്ങൾ ഓരോരുത്തരും ചെയ്യുമെങ്കിൽ വയറു കുറയ്ക്കാൻ സാധിക്കും. ആവശ്യമില്ലാത്ത ശരീരദശകൾ കുറയ്ക്കുവാനും സാധിക്കും. ദിവസം ഇങ്ങനെ വ്യായാമം ചെയ്യുമ്പോൾ ഒരു ചുറുചുറുപ്പ് മനുഷ്യന് ഉണ്ടാകും. ഇത് എഴുതുന്ന ഞാനും ദിവസവും എന്റെ മുറിക്കകത്തോ, ബാത്ത്റൂമിലോ വ്യായാമം ചെയ്തുകൊണ്ടിരിക്കുന്നു.

ഷുഗർ, പ്രഷർ ഇത്യാദി അസുഖങ്ങൾ ഉള്ളവർ ദിവസവും അരമണിക്കൂർ നടക്കുന്നത് നല്ലതാണ്. ചുവരുണ്ടെങ്കിൽ മാത്രമേ ചിത്രം വരയ്ക്കാൻ കഴിയൂ എന്ന് ഒരു പഴമൊഴിയുണ്ട്. ദൈവവേലക്കാർക്ക് ഈ വ്യായാമം വളരെ ആവശ്യമാണ്. ദൈവത്തിനു വേണ്ടിയും, ദൈവവേലയ്ക്കു വേണ്ടിയും നമ്മുടെ ശരീരം ആരോഗ്യമായി സൂക്ഷിക്കുന്നത് വളരെ നല്ലതാണ്.

നാം എല്ലാവരും ആരോഗ്യത്തോടെ ദൈവത്തിനു വേണ്ടി പ്രവർത്തിക്കുവാൻ ദൈവം കൃപ തരുമാറാകട്ടെ!

# USA & CANADA SPRITUAL MEETINGS:

2015 **OCTOBER** 6 TO 18 - CANADA & USA

# GULF SPRITUAL MEETINGS:

2015 **OCTOBER** 21 TO 31-CSI ABU DHABI- Ph : 00971- 504120123

2015 **NOVEMBER** 23 TO 27-CSI DUBAI - Ph: 00971-504440679

# പരിശുദ്ധാത്മാവ് സംസാരിക്കുന്നു

പരിശുദ്ധാത്മാവ് സംസാരിക്കുന്നതുപോലെ..... എന്റെ മുൻഗാമിയായ യേശുക്രിസ്തു എന്നെ തന്റെ ശിഷ്യന്മാർക്ക് “മറ്റൊരു കാര്യസ്ഥൻ” (യോഹന്നാൻ 14:16) എന്ന് പരിചയപ്പെടുത്തി. യേശു ശിഷ്യന്മാരിൽ നിന്നും എടുക്കപ്പെടുമ്പോൾ അവർ എന്തു ചെയ്യും എന്നതിനെക്കുറിച്ച് വ്യാകുലപ്പെട്ടുകൊണ്ടിരുന്നു. യേശു അവരുടെ യജമാനൻ മാത്രമല്ല, അവരുടെ സ്നേഹിതനും കൂടിയായിരുന്നു. സകല കാര്യങ്ങൾക്കും അവർ അവനെ സമീപിച്ചിരുന്നു. അവന്റെ സ്ഥാനത്ത് എന്നെ അയയ്ക്കുന്നുതുകൊണ്ട് നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത് എന്ന യേശു അവരോട് പറഞ്ഞിരുന്നു. അവന്റെ അവസാനത്തെ പ്രഭാഷണം എന്നെക്കുറിച്ചായിരുന്നു. ഇത് രേഖപ്പെടുത്താൻ അവന്റെ അരുമശിഷ്യനായ യോഹന്നാനെ ഞാൻ പ്രേരിപ്പിച്ചു (യോഹന്നാൻ 14 & 16).

എന്റെ പേരു പറയുന്നതുപോലും ദീർഘനാൾ ജനങ്ങൾക്ക് അരോചകമായിരുന്നു. ഞാൻ പെന്തകോസ്തുദിനത്തിൽ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്നതുകൊണ്ട് ഞാൻ പെന്തകോസ്തു സഭയിലുള്ളതാണെന്ന് അനേകർ ചിന്തിച്ചു. എന്നാൽ വർഷങ്ങൾ നീണ്ട വേദപുസ്തക പഠനത്തിലൂടെ എന്നെ ആവശ്യമുള്ളവർക്ക് സ്വർഗ്ഗീയ പിതാവിന്റെ ദാനമാണ് ഞാൻ എന്ന് അവർ മനസ്സിലാക്കി (ലൂക്കോ 11:13, അപ്പോ 2:39).

അനേകം ക്രിസ്ത്യാനികൾ എന്നെ സ്വീകരിച്ചിട്ടുണ്ടെങ്കിലും ഞാനുമായുള്ള പ്രാരംഭസമാഗമത്തിൽ തന്നെ ബന്ധം ഇല്ലാതാക്കാം. യോഹന്നാൻ സ്നാപകൻ പറഞ്ഞ “പരിശുദ്ധാത്മസ്നാനം” എന്നോടുള്ള ഒരു ജീവിതത്തിന്റെ പ്രവേശനം മാത്രമേ ആകുന്നുള്ളൂ. നിമിഷം തോറും എന്നോടുകൂടെ നടക്കുകയാണ് എനിക്കാവശ്യം (ഗലാ 5:25). ഗ്രീക്ക് ഭാഷയിൽ എന്റെ പേര് ‘പാരാക്ലേറ്റസ്’ എന്ന് അറിയപ്പെടുന്നു. ‘എപ്പോഴുമുള്ള സഹായി’ എന്നാണിതിന്റെ അർത്ഥം. പ്രിയപ്പെട്ടവരേ, നിങ്ങളുടെ നന്മയ്ക്കായി, എനിക്ക് നിങ്ങളെ എങ്ങനെ സഹായിക്കാം എന്ന സംഗതി ഞാൻ പറയുന്നത് ക്ഷമയോടെ ശ്രദ്ധിച്ചു കേൾക്കാമോ?

സ്വർഗ്ഗീയപിതാവ് ആരാധന വളരെ ഇഷ്ടപ്പെടുന്നു. ദൂതന്മാർ ആദിമുതൽക്കേ തുടർച്ചയായി ദൈവത്തെ ആരാധിക്കുന്നുണ്ടെങ്കിലും, ദൈവം അതിൽ തൃപ്തനല്ല. മനുഷ്യരുടെ ആരാധന ദൈവം ആഗ്രഹിക്കുന്നു. സത്യനമസ്ക്കാരികളെ അവൻ എല്ലായിടത്തും അന്വേഷിക്കുന്നു (യോഹന്നാൻ 4:23). നിങ്ങലുടെ ആരാധന മുഖാന്തിരം ദൈവത്തിന് ഒന്നും ലഭിക്കാനില്ല, എന്നാൽ ദൈവം അതിൽ ആനന്ദിക്കുന്നു, കാരണം അവിടെയാണ് ദൃഢബന്ധമുള്ള കൂട്ടായ്മ ആരംഭിക്കുന്നത് (അപ്പോ.പ്ര.17:25).

ആരാധനയെ സംബന്ധിച്ചുള്ള നിരവധി നിയമങ്ങൽ ദൈവം മോശയിലൂടെ തന്റെ ജനത്തിന് നൽകി. അവയെല്ലാം കേവലം ആചാരമായി മാറി. ദൈവം ആത്മാവാകുന്നു, ഒരു വസ്തുവല്ല. അതുകൊണ്ട് ആരാധന ആത്മീയമായിരിക്കുന്നു. (യോഹന്ന 4:20-24, അപ്പോ.പ്ര17:15-22). നിങ്ങളുടെ ആരാധനയ്ക്ക് ചൈതന്യം വരുത്തുവാനാണ് എന്നെ അയച്ചിരിക്കുന്നത്. നിങ്ങൾ നല്ല മനസ്സോടെ എന്റെ അടുക്കല വന്നാൽ നിങ്ങളുടെ ഉള്ളിലെ അകത്തെ മനുഷ്യനെ വിടുവിക്കുകയും നിങ്ങളുടെ ആത്മാവ് സന്തോഷത്താൽ ക്രിസ്തുവിൽ പ്രശംസിക്കുകയും ചെയ്യും (ഫിലി 3:3).

എന്തുമാത്രം ഒഴിഞ്ഞ അവസ്ഥയിൽ നിങ്ങൾ എന്നെ അന്വേഷിക്കുന്നുവോ, അത്ര മാത്രം ഞാൻ നിങ്ങളെ നിറയ്ക്കും. നിങ്ങലുടെ ഹൃദയം സന്തോഷിക്കുകയും നാവുകൾ ആനന്ദിക്കുകയും ചെയ്യും. നിങ്ങളുടെ ഹൃദയങ്ങളിൽ നിന്ന് ആത്മീയഗാനങ്ങളും, സങ്കീർത്തനങ്ങളും ഞാൻ പുറപ്പെടുവിക്കും. നിങ്ങൾ ആത്മാവ് നിറഞ്ഞവരാകുകയും കർത്താവിൽ പാടി കീർത്തനം ചെയ്യുകയും ചെയ്യും (എഫെ 5:18–20). ദാവീദോ, ദെബോറയോ മാത്രമല്ല ഈ പരിണാമം അനുഭവിച്ചിട്ടുണ്ട്. അന്ത്യനാളുകളിലെ എന്റെ ആത്മമാരിയിൽ കുതിക്കുന്ന നിങ്ങൾക്കും കരുതി വച്ചിരിക്കുകയാണ്. നിങ്ങളുടെ അകത്തെ മനുഷ്യന് ഞാൻ അളവറ്റ സ്വസ്ഥത നൽകുകയും നിങ്ങൾ പുതുബലം പ്രാപിക്കുകയും ചെയ്യും.

പ്രാർത്ഥനയിലുള്ള നിങ്ങളുടെ പ്രയാസങ്ങളും ഞാൻ മനസ്സിലാക്കുന്നു. മിക്കവാറും, പ്രത്യേകിച്ച്, ക്ലേശകരവും ചിന്താക്കുഴപ്പവുമായ സന്ദർഭങ്ങളിൽ എന്ത് പ്രാർത്ഥിക്കണമെന്ന് നിങ്ങൾക്ക് അറിയില്ല. ദൈവത്തിന്റെ മനസ്സിനെ മനസ്സിലാക്കാൻ നിങ്ങൾക്ക് കഴിയുന്നില്ല. ഭാരപ്പെടേണ്ട, ഞാൻ നിങ്ങൾക്കു വേണ്ടി ഉണ്ട്. ഞാൻ നിങ്ങളെ പ്രാർത്ഥനയിൽ നടത്തുക മാത്രമല്ല, നിങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യും. നിങ്ങളുടെ ദുഃഖങ്ങൾ വരുമ്പോൾ ഞാൻ നിങ്ങൾക്കുവേണ്ടി നെടുവീർപ്പെടും. എന്നിൽ ആശ്രയിക്കുക. നിങ്ങളുടെ ബലഹീനതകളിൽ ഞാൻ സഹായകനായിരിക്കും (റോമ 8:26,27).

നിങ്ങൾ വേദപുസ്തകത്തെ സ്നേഹിക്കുന്നു എന്ന് എനിക്കറിയാം, എന്നാൽ പലപ്പോഴും അത് മനസ്സിലാക്കുന്നതിൽ പ്രയാസം നേരിടുന്നു. ഹൃദയം കലങ്ങിപ്പോകരുത്, അതിന്റെ അർത്ഥം മനസ്സിലാക്കിത്തരുവാനാണ് ഞാൻ വന്നിരിക്കുന്നത്. തിരുവെഴുത്തുകളുടെ കർത്താവ് ഞാനാണെന്ന് അറിയാമേ? മേശെ, ദാവീദ്, യെശയ്യാവ്, ദാനിയേൽ, ലൂക്കോസ്, പൗലോസ് എന്നിങ്ങനെ നാൽപ്പതിലധികം പേർ എഴുതി. എന്നാൽ ഞാനാണ് അവർക്ക് ഉപദേശം നൽകി പ്രോത്സാഹിപ്പിച്ചത്. അവരുടെ രചനയ്ക്ക് ഞാൻ മേൽനോട്ടം വഹിച്ചു. എന്റെ അനുവാദമില്ലാതെ ഒരു വാക്കുപോലും ഇതിൽ രേഖപ്പെടുത്തിയിട്ടില്ല (2 പത്രോസ 1:20, 21). ഇതിലുള്ള ഉള്ളടക്കം വിശദീകരിച്ചു നൽകുവാൻ എനിക്കല്ലാതെ മറ്റാർക്കാണ് സാധിക്കുക? അതുകൊണ്ടാണ് ദൈവപുത്രൻ എന്നെ സത്യത്തിന്റെ ആത്മാവ് എന്ന് വിശേഷിപ്പിച്ചത്. സകലസത്യത്തിലേക്കും വഴിനടത്തുവാൻ ഞാൻ ബാദ്ധ്യസ്ഥനാണ് (യോഹന്നാൻ 16:13).

നിങ്ങളുടെ സ്വാഭാവിക മനസ്സിന് ദൈവീക കാര്യങ്ങൾ ആഴത്തിൽ മനസ്സിലാക്കുവാൻ കഴിയുകയില്ല. അവന്റെ മർമ്മങ്ങൾ മനസ്സിലാകുന്ന തരത്തിൽ നിങ്ങളുടെ മനസ്സിനെ ഞാൻ ഉദ്ദമിപ്പിക്കും. ദൈവത്തെ സ്നേഹിക്കുന്നവർക്ക് ദൈവം ഒരുക്കിയിരിക്കുന്നത് ഒരു ചെവിയും കേട്ടിട്ടില്ല, ഒരു കണ്ണും കണ്ടിട്ടില്ല, ഒരുവന്റെയും ഹൃദയത്തിലും തോന്നീട്ടില്ല. എന്നാൽ അവർ എന്നിലൂടെ നിങ്ങൾക്ക് വെളിപ്പെടുത്തുന്നു. നിങ്ങളിൽ ഉള്ളത് നിങ്ങളുടെ ആത്മാവ് അറിയുന്നതുപോലെ, ഞാൻ ദൈവത്തിന്റെ ആത്മാവായതുകൊണ്ട് ദൈവീകകാര്യങ്ങൾ ഞാൻ മാത്രം അറിയുന്നു. ദൈവം തന്റെ വചനത്തിലൂടെ നൽകിയിട്ടുള്ള ഒരു വാഗ്ദാനവും നിങ്ങൾക്കു നഷ്ടപ്പെട്ടു പോകരുത്. എന്റെ യഥാർത്ഥ ശുശ്രൂഷകർ അവരുടെ ബുദ്ധിയിൽ നിന്ന് നിങ്ങൾക്കുള്ള അനുഗ്രഹങ്ങളെ കുറിച്ച് സംസാരിക്കുകയില്ല, മറിച്ച്, എന്റെ **അഭിഷേക**ത്തിൽ നിന്ന് അവർ സംസാരിക്കും (1 കൊരി 2:19–13). നിങ്ങൾക്ക് എന്റെ ശബ്ദം തിരിച്ചറിയുവാൻ സാധിക്കുമ്പോൾ ദുരുപദേശത്താൽ ആർക്കും നിങ്ങളെ വഞ്ചിക്കുവാൻ കഴിയുകയില്ല (1 യോഹ 2:26, 27). **വിവേചന കല**യിൽ ഞാൻ നിങ്ങളെ വളർത്തും (1 കൊരി 2:15, എബ്രായർ 5:14).

ബൈബിൾ ധ്യാനിക്കുന്നത് അവഗണിക്കരുത്. അന്ധകാരം നിറഞ്ഞ ഈ ലോകത്തിൽ നിങ്ങളെ നടത്തുന്ന പ്രകാശമാണത് (2 പത്രോസ 1:19). അപരിചിത ശബ്ദങ്ങളാൽ ചതിക്കപ്പെടരുത്. ഞാനും എന്റെ സ്വന്തം അധികാരത്തിൽ സംസാരിക്കുകയില്ല. പിതാവും പുത്രനും സംസാരിച്ചിട്ടുള്ളവയിൽ നിന്നാണ് ഞാൻ സംസാരിക്കുന്നത് (യോഹ 16:13, 15:26). നിങ്ങളുടെ ഹൃദയത്തെയും മനസ്സിനെയും എഴുതപ്പെട്ട തിരുവചനത്താൽ പൂരിതമാക്കാതെ പ്രധാന സാഹചര്യങ്ങളിൽ എനിക്ക് നിങ്ങളെ എന്ത് ഓർമ്മിപ്പിക്കുവാൻ കഴിയും? (യോഹ 14:26).

ഞാൻ പ്രാവിനെപ്പോലെ ശാന്തതയുള്ളവനാണ്. ഞാൻ എന്നെ ആരിലും നിർബന്ധിക്കുകയില്ല. നിങ്ങളെ സഹായിക്കാൻ എന്നെ ക്ഷണിക്കാതെ തിരുവെഴുത്തിന്റെ പഠനത്തിൽ നിങ്ങളെ സഹായിക്കുകയില്ല (സങ്കീർത്തനം 119:18). നിങ്ങൾക്ക് സംശയം നീക്കിയാൽ ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സു പ്രാപിക്കത്തക്കതരത്തിൽ ഞാൻ രൂപാന്തരപ്പെടുത്തും (2 കൊരി 3:18).

പ്രിയ സ്നേഹിതാ, ജീവിതത്തിലെ പോരാട്ടങ്ങളിൽ ഞാൻ നിങ്ങളെ സഹായിക്കുവാൻഇഷ്ടപ്പെടുന്നു. ലൂസിഫറിനെ സ്വർഗ്ഗത്തിൽ നിന്ന് പുറത്താക്കിയതു മുതൽ ഞങ്ങൾക്കും സകല സൃഷ്ടികൾക്കും എതിരെ കഠോരമായി പ്രവർത്തിക്കുന്നു. യേശുവിന്റെ രക്തത്താൽ വീണ്ടെടുകക്കപ്പെട്ടവരെയാണ് അവൻ ലക്ഷ്യമിടുന്നത്. അവന്റെ അന്ധകാരത്തിന്റെ രാജ്യം നമ്മുടെ പ്രകാശത്തിന്റെ രാജ്യവുമായി തുടർച്ചയായി സംഘട്ടനത്തിലാണ്. പോരാട്ടം കഠിനമാണെങ്കിലും വിജയം നമുക്കാണ്.

നിങ്ങൾ നിങ്ങളിലും അല്ലാതെയുമുള്ള ഒരു പോരാട്ടത്തിലായിരിക്കുകയാണ്. അകമേയും പുറമേയുമുള്ള പോരാട്ടങ്ങളിൽ എന്റെ സഹായം ഞാൻ ഉറപ്പു നൽകുന്നു.

അകമേയുള്ള പോരാട്ടം നിങ്ങളുടെ മനസ്സും ശരീരവും തമ്മിലാണ്. നിങ്ങൾ ആഗ്രഹിക്കുന്നത് നിങ്ങൾക്ക് ചെയ്യുവാൻ കഴിയുന്നില്ല. എന്നാൽ നിങ്ങൾ വെറുക്കുന്നതു ചെയ്തുകൊണ്ടേയിരിക്കുന്നു. "ഈ നികൃഷ്ടമായ അവസ്ഥയിൽ നിന്ന് ആർ വിടുവിക്കും?" എന്ന നിങ്ങളുടെ നിലവിളി ഞാൻ കേൾക്കുന്നു. ഭയപ്പെടേണ്ട, ഞാൻ നിങ്ങളെ കരുതുന്നവനാണ്. ഞാൻ ജീവന്റെ ആത്മാവാകുന്നു. ഞാൻ നിങ്ങൾക്ക് പുതിയ ബലം നൽകും പാപമോഹങ്ങളെ തരണം ചെയ്യുവാൻ ഞാൻ നിങ്ങളെ ശക്തിപ്പെടുത്തും (റോമ 7:22-24). എന്നോടൊപ്പം നടക്കുക. നിങ്ങൾക്ക് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും എന്റെ ആജ്ഞകളെ അനുസരിക്കുക. നിങ്ങൾ എന്നെ എതിർത്താൽ യഥാർത്ഥത്തിൽ ആർ നിങ്ങളെ സഹായിക്കും? ഞാൻ ദുഃഖിക്കുകയില്ലേ? നിങ്ങൾ എന്നെ ദുഃഖിച്ചു കൊണ്ടിരിക്കുകയാണെങ്കിൽ, ഞാൻ നിശ്ചലനാകും. അത് നിങ്ങൾക്ക് നല്ലതല്ല (ഗലാതര്യർ 5:16)

(എഫേ 4:30) ഞാൻ **"പരിശുദ്ധ ആത്മാവാണ്."** നിങ്ങളിൽ അശുദ്ധി എനിക്ക് അസഹനീയമാണ്. നിങ്ങൾ എന്റെ ആലയം. അശുദ്ധമായ ഒരു ആലയത്തെ എനിക്ക് എങ്ങനെ പാലിക്കാൻ കഴിയും? (1 കൊരി 6:19). വിശുദ്ധിയോട് സ്നേഹവും പാപത്തോടും വെറുപ്പും ഞാൻ നിങ്ങളിൽ സൃഷ്ടിക്കും. നിങ്ങളുടെ മനസ്സ് നിശിതവും വ്യക്തവുമായിരിക്കേണ്ടതാണ്. ഞാൻ നിങ്ങളെ അന്വേഷിച്ചുവരുമ്പോൾ നിങ്ങൾ മുഖം തിരിച്ചുകളയരുത് (വെളി 2:23). നിങ്ങൾ എന്റെ ശബ്ദം കേൾക്കാതെ എന്നെ വിട്ട് ഓടിപ്പോയാൽ അലറുന്ന സിംഹവും പ്രതികാരം വിടുന്ന ചെന്നായും ആയ സാത്താന്റെ കൈയ്യിൽ എളുപ്പത്തിൽ ഇരയായി മാറും. ശത്രുവിനെ നിങ്ങൾക്ക് പിന്തുടരണമെങ്കിൽ പരിശുദ്ധാത്മാവിന്റെ പിൻബലം ആവശ്യമാണ്. നിങ്ങൾ എന്നിൽ സമ്പൂർണ്ണമായി അർപ്പിച്ചാൽ മാത്രമേ ഞാൻ നിങ്ങളോടൊപ്പം നിൽക്കുകയുള്ളൂ (വെളിപ്പാട് 4:5,7).

കവിഞ്ഞൊഴുകുന്ന വെള്ളപ്പൊക്കം പോലെ ശത്രു വേഗത്തിൽ വരുന്നു. ഭയപ്പെടരുത്. ഉറച്ച് നിൽക്കുക. അവനെതിരെ ഞാൻ യുദ്ധക്കൊടി ഉയർത്തും (യെശ 59:19). ഈ ലോകത്തിലെ ദുഷ്ടാത്മസേനകൾക്കെതിരെ എന്റെ വാൾ എടുക്കുവാൻ നിങ്ങളുടെ കരങ്ങളെ ഞാൻ പരിശീലിപ്പിക്കും (എഫെ 6:12, 17). എന്റെ വചനത്തിനും ക്രിസ്തുവിന്റെ രക്തത്തിനുമെതിരെ പിശാചിന് ഒരു വാദവുമില്ല. എന്നാൽ അതിവേഗത്തിലുള്ള വിജയം പ്രതീക്ഷിക്കരുത്. യുദ്ധം നീണ്ടു നിൽക്കുന്നതാണ്. ശത്രു എളുപ്പത്തിൽ ഉപേക്ഷിച്ച് പോകുകയില്ല. വറ്റിപ്പോകാത്ത എന്റെ നീരുറവിൽ നിന്നും തളർന്നുപോകാത്ത സമ്പൽ സമൃദ്ധയിൽ നിന്നും പ്രാപിക്കുക. സൈന്യത്താലല്ല, ശക്തിയാലുമല്ല, ഞാൻ മുഖാന്തിരമാണ് യുദ്ധവിജയം ലഭിക്കുന്നത് (സെഖ 4:6).

യുദ്ധത്തിൽ പരാജയപ്പെട്ടാലും നിരാശപ്പെടരുത്. എന്റെ ജനത്തെ സംബന്ധിച്ച് പരാജയം അന്തിമമല്ല. ഞാൻ നിങ്ങളോടൊപ്പം ഉണ്ടായിരിക്കുന്നിടത്തോളവും. നിങ്ങൾക്ക് വേണ്ടി പിതാവും പുത്രനും ഉയരത്തിൽ ഇരിക്കുന്നിടത്തോളവും നിങ്ങൾ വിട്ടുപോകരുത്. എന്റെ അടുക്കൽ വരിക, എന്തുകൊണ്ട് നിങ്ങൾ പരാജയപ്പെട്ടു എന്നു ഞാൻ പറഞ്ഞുതാരം. നിങ്ങൾ പിടിച്ചടക്കുന്നവരിൽ അധികമാകും.

എന്റെ ജനം നീണ്ട മുഖങ്ങളുമായി ചുറ്റും നടക്കുന്നതു കാണുമ്പോൾ എനിക്ക് ദുഃഖമുണ്ടാകാറുണ്ട്. ഈ ലോകത്തിലെ നിങ്ങളുടെ ജീവിതം കഷ്ടപ്പാടുകളിൽ നിന്ന് മുക്തമല്ല, എന്നാൽ അവയ്ക്കു മുകളിൽ ജീവിക്കുവാൻ പഠിക്കണം (യോഹ 16:33). പരിശുദ്ധാത്മാവായ ഞാൻ ഒരു സന്തോഷ നദിയാണ്. ഞാൻ സ്വർഗ്ഗസിംഹാസത്തിൽ നിന്ന് ആരംഭിച്ച് ഭൂമിയിൽ സഭയിലേക്ക് ഒഴുകുന്നു. എന്റെ വെള്ളത്തിൽ സ്നാനം ചെയ്യുക. തീരങ്ങളിലെ മരത്തണലിൽ ഇരിക്കുക. നിങ്ങളുടെ വേദനകൾ ശമിക്കും (സങ്കീർത്തനം 46:4-5, വെളി 22:12). ഞാൻ സ്വർഗ്ഗീയ മാരുതനാണ്. എന്റെ കാറ്റിൽ സന്തോഷിക്കുക. നിങ്ങളുടെ ഭാരം വിട്ടുപോകും. ഞാൻ ആനന്ദതൈലമാണ്, നിങ്ങളുടെ തലയിൽ പുരട്ടുക. മനോവേദനകളിൽ നിന്ന് നിങ്ങൾ മുക്തരാകും. ഞാൻ നിങ്ങളുടെ ഞരക്കം ആനന്ദമാക്കിമാറ്റും.

പ്രശ്നങ്ങളും വേദനകളും വർദ്ധിക്കുമ്പോൾ നിങ്ങൾ ഏകനല്ല എന്ന കാര്യം ഓർമ്മിക്കുക. ഞാൻ കേവലം **നിങ്ങളോടൊപ്പമല്ല, നിങ്ങളിലാണ്!** (യോഹ 14:17). നിങ്ങളുടെ വേദന നിങ്ങൾ അറിയുന്നതിനേക്കാൾ കൂടുതൽ ഞാൻ അറിയുന്നു. കാരണം ദൈവം നിങ്ങളിൽ വസിക്കുന്നതുകൊണ്ട് നിങ്ങളിൽ നിന്നു ഒന്നും മറയ്ക്കുവാൻ സാധ്യമല്ല. ഞാനും നിങ്ങളോടൊപ്പം വേദന അനുഭവിക്കും (യെശ 63:9). ഞാൻ നിത്യമായി നിങ്ങളുടെ ആശ്വാസദായകനാണ്. നിങ്ങളുടെ ബലഹീന കരങ്ങളെയും ദുർബല കാൽമുട്ടുകളെയും ഞാൻ ബലപ്പെടുത്തും. പ്രിയരേ, എന്നിൽ ചാരുക! നിങ്ങളുടെ തളർന്ന ഹൃദയങ്ങളെ ഞാൻ സൗഖ്യമാക്കും. ദുഃഖിതന്മാർക്ക് വെണ്ണീറിന് പകരം അലങ്കാരമാലയും ആനന്ദതൈലവും ഞാൻ നൽകും (യെശ 61:1-3).

ഭക്ഷണവും പാനീയവും ശാരീരിക സുഖവും ദീർഘകാലം നിൽക്കുകയില്ല. എന്നിൽ ഉല്ലസിപ്പിൻ. അതാണ് ദൈവരാജ്യത്തിലെ ജീവിതം അർത്ഥമാക്കുന്നത് (റോമ 14:17). യേശുവിന്റെ സമാധാനവും സന്തോഷവും ഞാൻ നിങ്ങളിൽ യാഥാർത്ഥ്യമാക്കും. അതാണ് ലോകത്തിന് മനസ്സിലാക്കുവാനും എടുത്തുകളയുവാനും കഴിയാത്തത് (യോഹ 14:26,27).

ചിലപ്പോൾ നിങ്ങൾ ഏകാരാണെന്നും അനാഥരാണെന്നും ചിന്തിച്ച് വ്യാകുലപ്പെട്ടേക്കാം. ഞാനും നിങ്ങളെ ഉപേക്ഷിച്ചു കാണുമെന്ന് അത്ഭുതപ്പെട്ടേക്കാം. എന്റെയും നിങ്ങളുടെയും

അവസ്ഥകൾക്കനുസരിച്ച് സ്വർഗ്ഗത്തിലും ഭൂമിയിലുമായി മാറിയും മറിഞ്ഞും യാത്ര ചെയ്യുകയല്ല ഞാൻ ചെയ്യുന്നത് എന്ന് ഓർമ്മിക്കുക. ഇല്ല, നിങ്ങൾ അപ്രകാരം ചിന്തിച്ചാലും ഇല്ലെങ്കിലും ഞാൻ എപ്പോഴും നിങ്ങളോട് കൂടെ ഉണ്ട്, (യോഹ 14:16). നിങ്ങൾ എന്നെ പ്രസാദിപ്പിക്കാത്ത എല്ലാ സമയത്തും ഞാൻ നിങ്ങളുടെ ഹൃദയം വിട്ടുപോകുകയാണെങ്കിൽ, ഭൂമയിൽ ഒരു വിശുദ്ധനിലും എനിക്ക് വസിക്കുവാൻ കഴിയുകയില്ല (സങ്കീർത്തനം 51:11).

ക്രിസ്തുവിന്റെ സാക്ഷിയാകുന്നതിലുള്ള നിങ്ങളുടെ ആശങ്കകളിൽ നിന്ന് നിങ്ങളെ മോചിപ്പിക്കേണ്ടതുണ്ട്. ആളുകൾ നിങ്ങളെ പരിഹസിക്കുമെന്ന് നിങ്ങൾ ഭയപ്പെടുന്നു. സുവിശേഷം പങ്കുവെയ്ക്കുന്നതിന് നിങ്ങളുടെ വായ്തുറക്കുമ്പോഴൊക്കെ തൊണ്ടയ്ക്ക് വീർപ്പുമുട്ടുണ്ടാകും. നിന്ദയുടെ ഭയം നിങ്ങളെ നിശ്ശബ്ദരാക്കും. ഇതിലൊന്നും വിചാരപ്പെടരുത്. മൂന്നു വർഷങ്ങൾ യേശുവിനോടൊപ്പം നടന്ന ശിഷ്യന്മാരും ഇതേ പ്രശ്നങ്ങൾ അഭിമുഖീകരിച്ചു. പ്രമുഖവ്യക്തിയായ പത്രോസിന് യേശുവിനെ എങ്ങനെ ത്യജിക്കുവാൻ കഴിയുമെന്ന് ചിന്തിക്കാമോ? അവരുടെ ബലഹീനത അവരുടെ സമ്മതത്തെ കീഴടക്കി. എന്റെ വരവോടുകൂടി പ്രശ്നം പരിഹരിച്ചു (അപ്പോ.പ്ര.1:4). ഞാൻ അവരുടെ മേൽ വന്നപ്പോൾ, ഭീരുക്കൽ ധൈര്യശാലികളായി മാറി.

എന്റെ ശക്തിയാൽ നിറയപ്പെടുക. നിങ്ങളുടെ അധൈര്യം പരിഗണിക്കുകയോ, സംഭാഷണ പാടവത്തിൽ പ്രശംസിക്കുകയോ ചെയ്യരുത്. എന്നിൽ ആശ്രയിക്കുക. ക്രൂശിന്റെ വചനം സംസാരിക്കുന്നതിന് എല്ലാ സാഹചര്യങ്ങളിലും ഞാൻ ധൈര്യം പകരും (അപ്പോ.പ്ര.4:31). നിങ്ങളുടെ വിദ്യാഭ്യാസ യോഗ്യതയല്ലെ മാനദണ്ഡം. എന്റെ ശക്തിയിൽ ക്രിസ്തുവിനുവേണ്ടി സാക്ഷികളാകുമ്പോൾ ആത്മാക്കൾ രക്ഷ പ്രാപിക്കുന്നതും നിങ്ങൾ കാണും (അപ്പോ.പ്ര.1:8).

എന്റെ വരങ്ങളാൽ നിങ്ങളെ ഞാൻ പ്രാപ്തരാക്കും (1 കൊരി 12:7-10). **ആത്മാക്കളെ വിവേചിച്ചറിയാൻ കഴിയും**. പാപത്തിൽ നിന്നും രോഗത്തിൽ നിന്നും ജനങ്ങളെ വിടുവിക്കുവാൻ കഴിയും. അടയാളങ്ങളിലൂടെയും അത്ഭുതങ്ങളിലൂടെയും എന്റെ ശക്തി വെളിപ്പെടുത്തുവാൻ കഴിയും. **പ്രവചനം വാക്കുകളിലൂടെ ദോഷത്തെ ഇല്ലാതാക്കാൻ കഴിയും**. പ്രത്യാശയില്ലാത്ത സാഹചര്യങ്ങളിൽ വിശ്വാസത്തിന്റെ വാക്കുകൾ ഉച്ചരിക്കുവാൻ കഴിയും. ശത്രുവിന്റെ അടിസ്ഥാനശക്തിയുടെ ആത്മവീര്യം കെടുത്തുവാൻ സാധിക്കും. സർക്കാർ സീറ്റുകളിൽ നിന്ന് ദുഷ്ടശക്തികളെ താഴെയിറക്കാൻ സാധിക്കും. ദ്രോഹചിന്തകളിൽ നിന്നും മയക്കുമരുന്നുകളിൽ നിന്നും യുവാക്കളെ നിയന്ത്രിക്കാൻ കഴിയും. ഇവയെല്ലാം ഇവയിലധികവും എന്റെ ശക്തിയാൽ ചെയ്യാൻ കഴിയും!

സുവിശേഷം പ്രഘോഷിക്കുമ്പോൾ സാത്താൻ നിങ്ങളെ ശക്തമായി ആക്രമിക്കും. ആത്മാക്കളിന്മേലുള്ള അവന്റെ പിടി എളുപ്പത്തിൽ വിടുകയില്ല. എന്റെ ശക്തിയിൽ നിങ്ങൾ പോകുന്നു എന്നതുകൊണ്ട്, അവൻ നിശ്ചലനായിരിക്കും എന്ന് ചിന്തിക്കരുത്. അവൻ ജനത്തെ നിങ്ങൾക്കെതിരെ ഇളക്കിവിടും. നിങ്ങളെ മർദ്ദിക്കുന്നതിനും ഉപദ്രവിക്കുന്നതിനും പ്രേരിപ്പിക്കും. **അവർ എറിയുന്ന കല്ല് നിങ്ങളുടെ ശരീരത്തിൽ കൊള്ളുകയില്ല എന്ന് ഞാൻ വാഗ്ദാനം ചെയ്യുകയില്ല,** എന്നാൽ നിങ്ങൾ മരണത്തിലേക്ക് അടുക്കുമ്പോൾ നിങ്ങളുടെ മുഖത്തെ ഞാൻ പ്രകാശിപ്പിക്കും. ഉപദ്രവകാരികളോട് കയ്പ് തോന്നാത്ത വിധം നിങ്ങളുടെ ആത്മാവിനെ ഞാൻ സൗമ്യമാക്കും (അപ്പോ 6:15, 7:60). എന്റെ സന്തോഷത്താൽ നിങ്ങൾ നിറയും (അപ്പോ 13:50-52). മഹത്വത്തിന്റെ ആത്മാവ് എന്ന പോലെ ഞാൻ നിങ്ങളിൽ വിശ്രമിക്കും (1 പത്രോസ് 4:14).

ഞാൻ നിങ്ങളുടെ വാക്കുകളെ അഭിഷേകം ചെയ്യുന്നിടത്തോളം നിങ്ങളുടെ ജീവിതത്തെ എന്റെ ഫലത്താൽ അലങ്കരിക്കും. നിങ്ങളിൽ ആഴത്തിൽ പ്രവർത്തിക്കുവാൻ എന്നെ അനുവദിച്ചാൽ ഞാൻ നിങ്ങളിൽ കാതലായ മാറ്റങ്ങൾ വരുത്തും. ഞാൻ നിങ്ങളെ ഒരു സ്നേഹിക്കുന്ന ക്രിസ്ത്യാനി, സന്തോഷമുള്ള സ്നേഹിതൻ, സമാധാനപൗരൻ, ദയയോടെ എല്ലാം സഹിക്കുന്നവർ, കരുണയുള്ള മേലധികാരി, നല്ല അയൽവാസി, വിശ്വസ്തയുള്ള ഭർത്താവ്, ക്ഷമയുള്ള ഭാര്യ, സ്വയം നിയന്ത്രിക്കുന്ന ശുശ്രൂഷകൻ ആക്കി മാറ്റും (ഗലാ 5:22,23). നന്നായി ജീവിക്കുന്ന ഒരു ജീവിതത്തിനെതിരെ ഒരു വാഗ്വാദവുമില്ല.

എന്റെ കുഞ്ഞേ, ഈ ലോകത്തിലെ നിങ്ങളുടെ ജോലിയിലും നിങ്ങളെ സഹായിക്കണമെന്നുണ്ട്. നിങ്ങളുടെ ജോലിയിൽ കരിയറിൽ ഏറ്റവും ഫലപ്രദമാക്കുക എന്നതാണ് എന്റെ ആഗ്രഹം. നിങ്ങൾ എന്റെ ശക്തിയിൽ ആശ്രയിച്ച്, എന്റെ ജ്ഞാനം അന്വേഷിക്കുമെങ്കിൽ നിങ്ങൾ ആയിരിക്കുന്ന സ്ഥാനത്ത് ശോഭിക്കും. നിങ്ങൾ ഒരു ഡോക്ടറാണെങ്കിൽ, എന്റെ സഹായത്താൽ നന്നായി രോഗികളെ പരിശോധിക്കാൻ കഴിയും; എഞ്ചിനീയർ ആണെങ്കിൽ കെട്ടിടങ്ങൾ നന്നായി പണികഴിപ്പിക്കും; പ്രൊഫസർ ആണെങ്കിൽ നന്നായി പഠിപ്പിക്കും; കലാകാരനെങ്കിൽ നന്നായി ചിത്രരചന നടത്തും; കൃഷിക്കാരനാണെങ്കിൽ നന്നായി കൃഷി ചെയ്യും; വീട്ടമ്മയെങ്കിൽ നന്നായി ഭക്ഷണം പാകം ചെയ്യും; വിദ്യാർത്ഥിയാണെങ്കിൽ നന്നായി പഠിക്കും!

യോസഫിനെ എന്റെ ജ്ഞാനത്താൽ നിറച്ചു, അവൻ മിസ്രയീമിനെ നിന്ന് രക്ഷിച്ചു. ഞാൻ ബെസലേലിനെ ജ്ഞാനത്താൽ നിറച്ച്, അവൻ ആലയത്തിന്റെ കൊത്തുപണികളെല്ലാം വളരെ മനോഹരമായി ചെയ്തു. ദാനിയേലിനെ എന്റെ ജ്ഞാനത്താൽ നിറച്ചു, അവൻ രാജാക്കന്മാർക്ക് വെളിപ്പാടുകളെ വ്യാഖ്യാനിച്ചുകൊടുത്തു. ഞാൻ ജ്ഞാനത്തിന്റെയും, വിവേകത്തിന്റെയും ആലോചനയുടെയും ബലത്തിന്റെയും ആത്മാവാണ് (യെശ 11:2). എനിക്ക് നിങ്ങളെ സഹായിക്കാൻ കഴിയാത്ത ഒരു ജോലിയും തൊഴിലും ഇല്ല, എന്നാൽ ഞാൻ പറഞ്ഞത് വീണ്ടും പറയുന്നു; എന്റെ സഹായത്തിനുവേണ്ടി യാചിപ്പിൻ, അത് സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്യുക.

എല്ലാ ദിവസവും രാവിലെ നിങ്ങളുടെ ജോലികൾ തുടങ്ങുന്നതിനു മുമ്പ് എന്റെ മുമ്പിൽ അൽപസമയം ചെലവിട്ടാൽ ഞാൻ നന്മ പകരും. ജോലി സ്ഥലങ്ങളിൽ എന്റെ സാന്നിദ്ധ്യം നിങ്ങളോടൊപ്പം ഉണ്ടായിരിക്കും.

ലോകമെമ്പാടും, ഓഫീസുകളിലും, വർക്കുഷോപ്പുകളും, വ്യാപാരകേന്ദ്രങ്ങളും അഴിമതിയിൽ മുങ്ങിക്കുളിച്ചിരിക്കുകയാണ്. അഴിമതിയോട് ഇല്ല എന്നു പറയുക. വ്യത്യസ്തനായിരിക്കുക. ഞാൻ നിങ്ങളെ ശക്തിപ്പെടുത്തും. എന്റെ ജ്ഞാനം ഞാൻ നിങ്ങളിൽ നിറച്ചിരിക്കുന്നതുകൊണ്ട് നിങ്ങളുടെ മേലുദ്യോഗസ്ഥന്മാരും സഹപ്രവർത്തകരും ഉപദേശങ്ങൾക്കായി നിങ്ങളുടെ അടുക്കൽ വരും (ഉൽ 44:37-40). നിങ്ങളെ അനീതിയായി കണക്കാക്കിയാൽ, എന്നിലേക്ക് തിരിയുക. ഞാൻ ക്ഷയുടെ ഫലത്താൽ നിങ്ങളെ നിറയ്ക്കും. ഉദ്യോഗകയറ്റം എന്നിൽ നിന്നാണ് വരുന്നത്.

നിങ്ങൾ ആരോഗ്യമുള്ളവരായിരിക്കണം. നിങ്ങളുടെ ശരീരം നശ്വരമാണ്. എന്നാൽ ഞാൻ അതിനെ ഉദ്ദീപിപ്പിക്കും (റോമ 8:11). നിങ്ങളുടെ ശരീരം എന്റെ ആലയമാണ്. അതുകൊണ്ട് അത് നല്ല അവസ്ഥയിൽ കാണപ്പെടാൻ ഞാൻ ആഗ്രഹിക്കുന്നു. സൗഖ്യത്തിന്റെ ശക്തി ഞാൻ നിങ്ങളിലേക്ക് പകരും. ക്രൂശിന്റെ അനുഗ്രഹങ്ങൾ പ്രാപിക്കും. അവ ഞാൻ നിങ്ങൾക്ക് പകരുമാറാക്കും.

സഭയ്ക്ക് ഞാൻ സൗഖ്യത്തിന്റെ വരം നൽകിയിട്ടുണ്ട്. വിശ്വാസത്തിൽ അന്യോന്യം പ്രാർത്ഥിപ്പിൻ. വരങ്ങൾ പ്രവർത്തിക്കുന്നത് നിങ്ങൾ കാണും. നല്ല മാനസ്സികാവസ്ഥയിൽ നിങ്ങൾ സന്തോഷിക്കണം.

എന്റെ പ്രിയപ്പെട്ട കുഞ്ഞേ, യേശുവിന്റെ കന്യകയായി നിങ്ങൾ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. അവന്റെ സ്നേഹത്തിന്റെ കരങ്ങളിൽ നിങ്ങൾ സുരക്ഷിതമായി എത്തിച്ചേരുന്നതു വരെ ഞാൻ നിങ്ങളോടുകൂടെ ഇരിക്കും. ആത്മാവും മണവാട്ടിയും ഒരുമിച്ച് ആമേൻ എന്നു പറയാം!

## വായനക്കാരുടെ ശ്രദ്ധയ്ക്ക്

1. ശരിയായ തപാൽ സ്റ്റാംപ് ഒട്ടിയ്ക്കാതെ അയയ്ക്കുന്ന മാസികകൾ, കത്തുകൾ, കവറുകൾ എന്നിവയിൽ ചിലത് ഞങ്ങൾ തിരിച്ചയയ്ക്കുന്നു. കാരണം അയയ്ക്കുന്നവർ തെറ്റു മനസ്സിലാക്കുവാനും തെറ്റു തിരുത്തി കത്തുകളുടെ തൂക്കത്തിനനുസൃതമായ തപാൽ സ്റ്റാമ്പ് ഒട്ടിച്ചയയ്ക്കുവാനും അതു സഹായകമാകും.

2. ബുക്ക് പോസ്റ്റിന് 4 രൂപയുടെ തപാൽ സ്റ്റാംപ് ആവശ്യമാകുമ്പോൾ തന്നെ വിവാഹക്ഷണക്കത്തുകളിൽ ഒപ്പിടുകയോ എന്തെങ്കിലും പേനകൊണ്ട് എഴുതുകയോ ചെയ്താൽ Due അഥവാ fine ആകുന്നതുകൊണ്ട് അയയ്ക്കുന്നവർ ശ്രദ്ധിക്കുക.

3. ഞങ്ങൾ ജാമക്കാരൻ കത്തുകൾ നിങ്ങൾക്ക് അയയ്ക്കുമ്പോഴും ഏതെങ്കിലും കാരണവശാൽ തപാൽവകുപ്പ് Due (fine) ആകുമ്പോൾ അതിൽ Refused എന്ന് എഴുതി ദയവായി ഞങ്ങൾക്ക് തിരിച്ചയയ്ക്കുക. ഞങ്ങൾക്കും ഞങ്ങളുടെ തെറ്റ് ശരിയാക്കുവാൻ ഇടയാകും.

4. ബാങ്ക് മുഖേനയോ ഇ.എം.ഒ മുഖേനയോ സംഭാവന അയയ്ക്കുന്നവർ ദയവായി ഇ-മെയിൽ, ഫോൺ, ഫാക്സ്, ലെറ്റർ ഇവയിൽ ഏതെങ്കിലും മുഖേന നിങ്ങൾ അയച്ച തീയതി, തുക, ബാങ്ക് ഞങ്ങളെ അറിയിച്ചാൽ സഹായകമാണ്. ബാങ്കിന്റെ പാസ്ബുക്കിൽ ആര്, എപ്പോൾ, എവിടെ നിന്ന് എന്നുള്ള വിവരങ്ങൾ എഴുതുകയില്ല. അതുകൊണ്ട് ബാങ്ക് മുഖേന നിങ്ങൾ രൂപ എന്റെ അക്കൗണ്ടിൽ അയച്ച ഉടൻ ഞങ്ങളെ അറിയിക്കുക. ഈ വിഷയത്തിൽ സഹകരിക്കുന്നത് സർക്കാറിന് കണക്കു ബോധിപ്പിക്കുമ്പോൾ ഞങ്ങൾ കുറ്റക്കാരാകാതെയിരിക്കുവാൻ സഹായിക്കും.

## PDF ൽ ജാമക്കാരൻ മാസിക

ധാരാളം പേരുടെ ആവശ്യപ്രകാരം, ജാമക്കാരൻ മുഴുവനും ഫോട്ടോ സഹിതം, PDF വഴിയായി അയക്കുവാനുള്ള സംവിധാനം ഉണ്ട്. അതുകൊണ്ട് നിങ്ങളുടെ ഇ-മെയിൽ ഐ.ഡി അയച്ചുതന്നാൽ മാസിക മുഴുവനും അതുവഴി ലഭ്യമാക്കുന്നതാണ്. നിങ്ങൾ ഇ-മെയിൽ വഴി ഇത് ആവശ്യപ്പെട്ടാൽ, നിങ്ങളുടെ ഇ-മെയിൽ ഐ.ഡിയേ ഞങ്ങൾ പി.ഡി.എഫ് ലിസ്റ്റിൽ ചേർക്കുന്നതാണ്.

നിങ്ങളുടെ പ്രാർത്ഥനാ കുറിപ്പും ബൈബിൾ സംശയങ്ങളും കുടുംബ പ്രശ്നങ്ങൾക്കായുള്ള ആലോചനകളും കത്തുവഴിയായോ, ഇ-മെയിൽ മുഖാന്തിരമോ അയക്കുമെങ്കിൽ പ്രാർത്ഥിച്ചു ഞാൻ മറുപിട അയക്കുന്നതായിരിക്കും.

# ഉത്തരകേരള സി.എസ്.ഐ മഹായിടവകയിൽ ആലുവാ കൺവൻഷൻ




എറണാകുളത്തിനടുത്ത് ആലുവായിൽ നടന്ന യോഗങ്ങൾ വളരെ അനുഗ്രഹപ്രദമായിരുന്നു. റവ.ജോസഫ് യോഗത്തിന്റെ ക്രമീകരണങ്ങൾ നടത്തി. ഏകദേശം 30 വർഷങ്ങൾക്കു ശേഷം വീണ്ടും ഇതേ ആലയത്തിൽ ഞാൻ ക്ഷണിക്കപ്പെട്ടത് ദൈവനാമം മഹത്വപ്പെടുവാൻ ഇടയാകട്ടെ. ഇപ്രകാരമുള്ള വേദപഠന പ്രസംഗങ്ങൾ ഞങ്ങൾക്ക് വളരെ ആവശ്യമാണ്. വീണ്ടും കൺവൻഷന് തീയതി നൽകണം എന്ന് ഭാരവാഹികളുടെ അപേക്ഷ എന്നെ സന്തോഷിപ്പിച്ചു. ദൈവത്തിന് മഹത്വമുണ്ടാകട്ടെ.

## വായനക്കാരുടെ ശ്രദ്ധയ്ക്കു - അറിയിപ്പ് മണിയോടർ (EMO)

EMO വഴി ആയി മണിയോടർ അയിച്ചവർ പണം അയിച്ചിട്ടും മാസിക എന്തുകൊണ്ട് അയിച്ചില്ല എന്നു എനിക്കു കത്തെഴുതി ചോദിക്കുന്നു. ഇപ്പോഴുള്ള EMO മണിയോടറിൽ, ഏതു കാര്യത്തിനുവേണ്ടി പണം അയച്ചു എന്നു വിവരം എഴുതാൻ സാധിക്കുന്നില്ല. അതുകൊണ്ട് മണിയോടർ വഴിയായോ, ഓൺലൈൻ മൂലം ബാങ്കു വഴിയായോ പണം അയക്കുന്നവർ. നിങ്ങളുടെ മേൽ വിലാസത്തിനോടൊപ്പം ഏതു കാര്യത്തിനുവേണ്ടി അയച്ചു എന്നു കത്തെഴുതി അറിയിച്ചാൽ വളരെ ഉപഹാരമായിരിക്കും. എന്റെ ബാങ്ക് പാസ്ബുക്കിൽ ഓൺലൈൻ വഴിയായി പണം അയക്കുന്നവരുടെ പേരും, സ്ഥലവും പോലും സൂചിപ്പിക്കുന്നില്ല. അതുകൊണ്ടു പണം അയച്ചയുടനെ ഒരു കത്തു വഴിയായി നിങ്ങൾ പണം അയച്ച വിവരം, കാരണം, തുക, ബാങ്കിന്റെ പേര്, നിങ്ങളുടെ വിലാശം, ഏതു തിയതി എന്നല്ലാം എഴുതി അറിയിച്ചാൽ രസീത് അയിക്കാൻ സൗകര്യം ആയിരിക്കും. അതു മാത്രമല്ല പ്രധാനമായി **ഇൻകം ടാക്സിനു** അര് അയച്ചു, എന്തിനു വേണ്ടി അയച്ചു എന്ന വിവരങ്ങൾ അറിയിക്കാൻ വളരെ ഉപയോഗമായിരിക്കും. ഈ വിഷയത്തിൽ നിങ്ങൾ എനിക്ക് സഹകരിക്കണം. ഈ ദൈവ വേലയിൽ പങ്കുചേരുന്ന നിങ്ങൾ ഏവരെയും ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

## ദൈവീക ആലോചനയ്ക്കായും പ്രാർത്ഥനയ്ക്കായും ബന്ധപ്പെടുന്നവരുടെ ശ്രദ്ധയ്ക്ക്

എല്ലാ ആഴ്ചയിലും ചൊവ്വാഴ്ച മുതൽ ബുധനാഴ്ച ഉച്ചവരെ മാത്രമേ ഞാൻ സേലത്തിലുള്ള എന്റെ വീട്ടിൽ കാണുകയുള്ളൂ.

ആലോചനയ്ക്കായും പ്രാർത്ഥനയ്ക്കായും നേരിൽ എന്നെ സേലത്തിൽ (തമിഴ്നാട്) വീട്ടിൽ വന്ന് കാണണമെന്നുള്ളവർ നിങ്ങൾ സന്ദർശിക്കുവാൻ ആഗ്രഹിക്കുന്ന തീയതി കത്തു മുഖേനയോ ഫോൺ മുഖേനയോ മുൻകൂട്ടി അറിയിച്ച് ഉറപ്പാക്കിയശേഷം മാത്രം വരിക.

ഫോൺ മുഖാന്തിരം ആലോചനയും വേദവചന സംശയങ്ങൾ ചോദിക്കുന്നവർ വിഷയങ്ങൾ പങ്കുവെയ്ക്കുന്നവർ രാവിലെ 8 മണി മുതൽ രാത്രി 11 മണി വരെ ബന്ധപ്പെടാവുന്നതാണ്.

എല്ലാ ദിവസവും ഉച്ചയ്ക്ക 2 മണിമുതൽ വൈകിട്ട് 5 മണിവരെ ഫോൺ മുഖേന ബന്ധപ്പെടുവാൻ ശ്രമിക്കേണ്ട. അത് സന്ദർശന സമയം മുൻകൂട്ടി നിശ്ചയിച്ച് നേരിൽ വരുന്നവർക്കായുള്ളതാണ്. കൂടാതെ നിങ്ങളുടെ വിശ്രമസമയവുമാണ്.

ഞങ്ങളുടെ ടെലിഫോൺ മേൽപറഞ്ഞ 3 മണിക്കൂർ ഡിസ്കണക്റ്റ് ചെയ്ത് വെയ്ക്കും എന്ന് നിങ്ങളെ അറിയിക്കുവാൻ ആഗ്രഹിക്കുന്നു.

വടക്കേ ഇന്ത്യയിലെ ശുശ്രൂഷക്കായി ഞാൻ പോയിക്കഴിഞ്ഞാൽ ചൊവ്വാഴ്ച ദിവസം വീട്ടിൽ കാണുകയില്ല എന്നതും ശ്രദ്ധിക്കുക. പുതിയ വിലാസത്തിൽ ഇനി ഞങ്ങളോടു ബന്ധപ്പെടുവാനും നിങ്ങളുടെ വിലാസത്തിൽ കാണുന്ന കമ്പ്യൂട്ടർ നമ്പർ മറക്കാതെ എഴുതുവാനും ശ്രദ്ധിക്കുക.

**(ജാമക്കാരന് വരിസംഖ്യ ഇല്ല)**

## ദയവായി ശ്രദ്ധിക്കുക

10 വർഷത്തിൽ ഒരു പ്രാവശ്യം ജാമക്കാരൻ Mailing list പുതുക്കുന്നത് പതിവാണ്. അതുകൊണ്ട് ഈ വർഷം നിങ്ങളുടെ അഡ്രസ്സിൽ മാറ്റങ്ങൾ ഉണ്ടെങ്കിൽ നിങ്ങളുടെ ഫോൺ നമ്പറോടു കൂടെ എന്നെ എഴുതി അറിയിക്കുവാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. നിങ്ങളുടെ അഡ്രസ്സിൽ അക്ഷരതെറ്റുണ്ടെങ്കിലും ദയവായി എഴുതി അറിയിക്കുക. നിങ്ങളുടെ അഡ്രസ്സ് slip ന്റെ മുകളിലുള്ള കൂപ്പൺ നമ്പരും ചേർത്ത് അറിയിച്ചാൽ നന്നായിരിക്കും. ഇ-മെയിൽ മുഖാന്തിരമായും എന്നെ അറിയിക്കാവുന്നതാണ്. Email - jamakaran@yahoo.com

## ജാമക്കാരൻ വേണ്ട

ജാമക്കാരൻ (മാസിക നിങ്ങളുടെ ആത്മാവിന് ഉപയോഗപ്രദം ആകുന്നില്ല എങ്കിൽ) നിങ്ങൾക്ക് ലഭിക്കുന്ന മാസികയുടെ മുകളിൽ REFUSED എന്നെഴുതി നിങ്ങളുടെ അഡ്രസ്സ്, വെട്ടി തിരിച്ചയയ്ക്കുക (Stamp വേണ്ട). അങ്ങനെ ചെയ്താൽ നിങ്ങളുടെ അഡ്രസ്സ് ഞങ്ങളുടെ Mailing List-ൽ നിന്നു നീക്കുവാൻ സാധിക്കും. ഇതിന് നിങ്ങൾ സഹകരിക്കും എന്ന് വിശ്വസിക്കുന്നു. നന്ദി

# MY FOREIGN MINISTRY

**USA:** 2015 **OCTOBER** 6 TO 9 - **NEW YORK,IOWA,**
11,12 - **CHICAGO- Rev.Godwin - 163 09631297**

**CANADA** : 2015 **OCTOBER** 12 TO 18 - **TORANTO** - CANADA - Pastor.Manoharan -905-8370051
- Mr. DOMINIC - 416-8757892

**ABU DHABI:** 2015 **OCT** 19 TO 1 NOV -CSI **ABU DHABI** CSI MALAYALA CONGREGATION - Rev.Paul -
- 00971504120123

**ENGLAND :** 2015 **NOVEMBER** -2 TO 3 - **LONDON** -Bishop.REGINOLD - 44 208 3660583,07956478093

**LONDON :** - 4th - Mr.Doni - 44(o) 2082525586

**IRELAND :** - 5th - Mr.JOHN WESLY - 353-894151538

**DUBAI :**

2015 **NOVEMBER** 23 TO 29 - **DUBAI** TAMIL CSI CONGREGATION-Vice President - 971552728146,
Mr.Singaratnam-971504440679

**AUGUST 2015**

Printed Book/Book Post

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.